12th YEAR
# വേദാഭിമാനി
വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി
Vol.12
No.11
കാർത്തികപ്പള്ളി
R.No. 7361/02
2012 NOVEMBER


## ഓക്സ്ഫഡിൽ ഇനി ആൺകുട്ടികൾക്ക് പാവാടയും

ഇനിമുതൽ പ്രശസ്തമായ ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിലെ ആൺകുട്ടികൾക്ക്, പെൺകുട്ടികൾ ധരിക്കുന്ന തരത്തിൽ, സ്കേർട്സ് (പാവാട) ധരിച്ച് കാമ്പസിലെത്താം!! തിരിച്ച് പെൺകട്ടികൾക്കും ഇതുപോലെ, നിലവിൽ ആൺകുട്ടികൾ ധരിക്കുന്ന രീതിയിൽ വസ്ത്രം ധരിച്ചു വരാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഈ മാറ്റം ഒരു നിസാരകാര്യമായി കണക്കാക്കാൻ വരട്ടെ. ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയുടെ 1000 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഡ്രസ് കോഡിൽ മാറ്റം വരുന്നത്. വിദ്യാർത്ഥി യൂണിയന്റെ ശക്തമായ സമ്മർദ്ദമാണ്, പുതിയ ചരിത്രപരമായ തീരുമാനമെടുക്കാൻ യൂണിവേഴ്സിറ്റി അധികൃതരെ നിർബന്ധിതരാക്കിയത്. നിലവിൽ ബ്ലാക്ക് സ്യൂട്ട്, ബ്ലാക്ക് സോക്സ്, ബ്ലാക്ക് ഷൂ, വൈറ്റ് ഷർട്ട്, വൈറ്റ് ഷർട്ടിന്റെ കോളറിനടിയിൽ കറുത്ത തൊങ്ങൽ, വൈറ്റ് ടൈ എന്നിവയാണ് ആൺകുട്ടികൾക്ക് അനുവദിച്ചിരിക്കുന്ന വേഷം. യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള ഡ്രസ് കോഡ് തെറ്റിച്ച്, കാമ്പസിലോ പരീക്ഷയ്ക്കോ



എത്തുന്നവരെ വിലക്കാനും പിഴയിടാനും പുറത്താക്കാനും വരെ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അഥോറിറ്റികൾക്ക് കഴിയും. എന്നാൽ ഇനിമുതൽ അതിന് കഴിയില്ല എന്നതാണ് സുപ്രധാനമായ കാര്യം. യൂണിവേഴ്സിറ്റി നടത്തുന്ന പരീക്ഷകൾക്കും വിദ്യാർത്ഥികൾക്ക് തങ്ങൾക്കിഷ്ടമുള്ള വസ്ത്രം ധരിച്ചുവരാനുള്ള സ്വാതന്ത്ര്യമുണ്ട്. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ആൻഡ്രൂ ഹാമിൽടനാണ് ഈ സുപ്രധാനമായ തീരുമാനം പ്രഖ്യാപിച്ചത്. അതേസമയം, യൂറോപ്പിന്റെ പുതുതലമുറയുടെ എല്ലാ ഫാഷൻ വൈകൃതങ്ങളും പരീക്ഷിക്കാനുള്ള വേദിയായി ഈ മഹത്തായ കലാലയം മാറുമോയെന്ന ഭയത്തിലാണ് ഒരു വിഭാഗം.

## അപൂർവ്വ സൗഹൃദം



ക്യൂബയിലെ ഒരു തെരുവിലാണ് നെഗ്രിറ്റോ എന്ന നായ്ക്കുട്ടനും ചങ്ങാതിയായ എലിയും ആളുകൾക്ക് കൗതുകമായത്. തലയിൽ തൊപ്പി വച്ച് ഗമയിലിരിക്കുന്ന കറുമ്പൻ നായ്ക്കുട്ടന്റെ പുറത്തുകൂടി തത്തിപ്പിടിച്ച് കയറുന്നതാണ് എലിക്കുട്ടന്റെ വിനോദം. നായ്ക്കുട്ടൻ നടക്കുമ്പോഴും കുഞ്ഞനെലി പുറത്ത് അള്ളിപ്പിടിച്ചിരിക്കും.

## അയുമുവിനെ തോൽപ്പിക്കാൻ



കമ്പ്യൂട്ടർ ഗെയിമിൽ മനുഷ്യരെയെല്ലാം തോല്പിച്ചത്. അഞ്ചു വർഷം കഴിഞ്ഞിട്ടും അയുമുവിന്റെ റിക്കാർഡ് തകർക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഒന്നു മുതൽ ഒമ്പതുവരെയുള്ള അക്കങ്ങൾ കമ്പ്യൂട്ടർ സ്ക്രീനിൽ ക്ഷണനേരത്തേക്ക്

അക്കങ്ങളുടെ കളിയിൽ അയുമുവിനെ തോല്പിക്കാമെന്ന് ആരും കരുതേണ്ട. 2007-ലാണ് അയുമു എന്ന ചിമ്പാൻസി, അക്കങ്ങൾ ഓർത്തുവയ്ക്കേണ്ട

തെളിയുകയും മറയുകയും ചെയ്യുന്നു. പിന്നീട് ഇവയെ ശരിയായ ക്രമത്തിൽ കണ്ടെത്തുക എന്നതാണ് കളി.

## കുഞ്ഞു ചിത്രകാരി



ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ചിത്രകാരിയുടെ രണ്ടാമത്തെ ചിത്രപ്രദർശനം ന്യൂയോർക്കിൽ ആരംഭിച്ചു. എലിറ്റ ആൻദ്രേ എന്ന അഞ്ചുവയസ്സുകാരിയാണ് ഈ അത്ഭുത പ്രതിഭ. 4600 മുതൽ 12900 വരെ ഡോളർ വിലയുള്ള 22 ചിത്രങ്ങളാണ് എലിറ്റ വരച്ചിട്ടുള്ളത്.

## ഒരു നോട്ടം മൗസ് ഔട്ട്

കംപ്യൂട്ടർ ഉപയോഗിക്കാൻ ആഗ്രഹമുണ്ടായിട്ടും മൗസിനെ വരുതിയിൽ നിർത്താൻ കഴിയാത്തതിനാൽ അതുപയോഗിക്കാനാവാത്ത ഹതഭാഗ്യർ നിരവധിയുണ്ട്. പാർക്കിൻസൺസ് പോലുള്ള രോഗങ്ങൾ ബാധിച്ചവർ, നട്ടെല്ലിനു പരിക്കേറ്റവർ തുടങ്ങിയവരൊക്കെ അക്കൂട്ടത്തിൽ പെടും. കൈകളില്ലാത്തതുമൂലം കാലുകൊണ്ട് മൗസിനെ നിയന്ത്രിച്ച് കൂളായി കംപ്യൂട്ടർ ഉപയോഗിക്കുന്നവരും നമ്മുടെ കൂട്ടത്തിലുണ്ട്. ഇവർക്കെല്ലാമുള്ള ആശ്വാസവാർത്ത വരുന്നു. മൗസ് വേണ്ട, കണ്ണുകൊണ്ട് കംപ്യൂട്ടറിനെ നിയന്ത്രിക്കാം. സ്ക്രീനിൽ നോക്കി



കണ്ണുകൾ ചലിപ്പിച്ച് മൗസുകൊണ്ട് എന്നപോലെതന്നെ കഴ്സർ ചലനം നിയന്ത്രിക്കാൻ കഴിയുന്നതാണ് പുതിയ ഉപകരണം. ഒരു ഐ ട്രാക്കിംഗ് ഉപകരണവും സ്മാർട്ട് എന്ന സോഫ്റ്റ്‌വെയറുമാണ് പുതിയ കണ്ടുപിടിത്തത്തിന്റെ കാതൽ. ലണ്ടനിൽ നിന്നുള്ള ഗവേഷകരാണ് ഇതിനു പിന്നിൽ

## സൈക്കിളിനൊരു സൂപ്പർ ഹൈവേ!

ഡെൻമാർക്കിലെ കോപ്പൻഹേഗനിലാണ് സംഭവം. 17 കിലോമീറ്റർ നീളത്തിൽ സൈക്കിളുകൾക്ക് മാത്രമായി ഒരു സൂപ്പർ ഹൈവേ. യാത്രകൾക്ക് സൈക്കിൾ ഉപയോഗിക്കുന്നതിൽ മുന്നിൽ നിൽക്കുന്നവരാണ് കോപ്പൻഹേഗൻകാർ. മനുഷ്യന്റെയും പ്രകൃതിയുടെയും ആരോഗ്യത്തിന് നല്ലത് സൈക്കിളാണെന്ന് അറിയുന്നവർ.



## മനുഷ്യരെപ്പോലെ



ശരിയാണ്, മനുഷ്യരെപ്പോലെ മുഖത്ത് പല ഭാവങ്ങളും വരുത്താൻ കഴിയുന്ന റോബോട്ടുകൾ അവതരിച്ചു കഴിഞ്ഞു! 'ക്രീപ്പി, ദ ഹ്യൂമൻ ഫേസ് റോബോട്ട്" എന്നാണ് ഇവയുടെ പേര്. മനുഷ്യരുടെ തൊലിപോലെ തോന്നിക്കുന്ന കൃത്രിമ തൊലി ഘടിപ്പിച്ച റോബോട്ടാണ് ഇത്. ഇറ്റലിയിലെ പിസ യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞരാണ് ഇതിനെ നിർമ്മിച്ചത്. ശാസ്ത്രജ്ഞരുടെ സംഘത്തിലെ ഒരാൾ തന്നെയാണ് ഈ റോബോട്ടിന്റെ മോഡൽ! മനുഷ്യർ കാണിക്കുന്ന എല്ലാ ഭാവമാറ്റങ്ങളും ഫേസ് റോബോട്ടിന്റെ മുഖത്തും കാണാം.

## ഇതാണ് പുസ്തകം

ഒരു ചെറു പുസ്തകം ചരിത്രമായി മാറുന്നു

സാർവ്വത്രിക അംഗീകാരം ലഭിച്ച ടൈറ്റസ് കാർത്തികപ്പള്ളിയുടെ പഠന ലേഖനങ്ങൾ

ക്രൈസ്തവ വിശ്വാസം അന്ധവിശ്വാസമല്ല, ആധികാരികവും സമഗ്രവുമാണെന്ന് തെളിയിക്കുന്നു.

എതിർവാദങ്ങളെ നിഷ്പ്രഭമാക്കുന്ന ശാസ്ത്ര – ചരിത്ര – മത – വചന യാഥാർത്ഥ്യങ്ങൾ.

ഓരോ ക്രിസ്ത്യാനിയും കയ്യിൽ കരുതേണ്ട – ഓരോ അക്രൈസ്തവനും വായിച്ചിരിക്കേണ്ട പുസ്തകം

മലയാളത്തിൽ എന്നല്ല മറ്റൊരു ഭാഷയിലും ഇതുപോലൊന്ന് ലഭ്യമല്ല.

സുവിശേഷീകരണം എന്ന ഏക ലക്ഷ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്. അതിനാൽ ഇത് പുസ്തക ചന്തയിൽ വില്പനയ്ക്കു വയ്ക്കുന്നതല്ല.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ പര്യാപ്തമായ കരുത്തുറ്റ ഗ്രന്ഥത്തിനായി കാത്തിരിക്കുക, കാതോർത്തിരിക്കുക.



# അവിടെ അങ്ങനെ ഇവിടെ ഇങ്ങനെ



പാപവഴികൾ ഉപേക്ഷിപ്പാൻ തയ്യാറല്ലാത്ത-ബോധിച്ചതുപോലെ നടക്കാൻ ഇഷ്ടപ്പെടുന്ന നാമധേയ ക്രിസ്ത്യാനികൾ വേദപുസ്തകം വായിക്കുകയോ പഠിക്കുകയോ ചെയ്യാറില്ല. ഈ സാമാന്യജനത്തിന്റെ വിവരക്കേടിന് ഒരറുതിയുമില്ല. ശത്രുവായ സാത്താന്റെ എല്ലാ സഹായങ്ങളും ഒത്താശകളും അവർക്കുണ്ട് എന്നതാണ് വാസ്തവം. പുരോഹിതന്മാർ പറയുന്നതാണവർക്കു പ്രമാണം. കർമ്മങ്ങളിലൂടെയും കൂദാശകളിലൂടെയും രക്ഷപെടാമെന്നാണു വിചാരം. ഇതിനായി എന്തും ചെലവിടാൻ തയ്യാർ. പെരുന്നാളു നടത്തിയാൽ-കൂടിയാൽ പുണ്യം കിട്ടുമെന്നാണിവരുടെ വിശ്വാസം. ഭക്തിയും-അഭക്തിയും, ദൈവവും-വിഗ്രഹവും തമ്മിൽ തിരിച്ചറിയാൻ കഴിവില്ലാത്ത മൂഢജാതികളുടെ വലിയ സമൂഹമായി ക്രൈസ്തവലോകം നിലകൊള്ളുന്നു. ഇതിനു കാരണക്കാർ മറ്റാരുമല്ല, പട്ടത്വസഭകളും പുരോഹിതവർഗ്ഗവും തന്നെയാണ്.

നൂറ്റാണ്ടുകളായി പട്ടത്വസഭകളിൽ ചത്തവന്റെ പേരിലും, ചീഞ്ഞുനാറിയ ദുരുപദേശങ്ങളുടെ മറവിലും യഥാർത്ഥസത്യം ജനങ്ങൾ ഗ്രഹിക്കാൻ സമ്മതിക്കാതെ കർമ്മാചാരങ്ങൾകൊണ്ട് ക്രിസ്തുവിന്റെ സത്യമാർഗ്ഗത്തിന് തീരാകളങ്കം വരുത്തി തീർക്കുന്നവർ ഒടുവിൽ എവിടെ അവസാനിക്കാൻ പോകുന്നു എന്ന് അവർക്കും അനുയായികൾക്കും ഇപ്പോൾ തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിലും ന്യായവിധിയിൽ അവക്കുള്ള സ്ഥാനം പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയാണെന്ന് തിരുവചനം പറയുന്നു (മത്തായി 25:12, 30, 46) ജീവനുള്ള ദൈവത്തിനു പകരം കാളക്കുട്ടിയെ ഉണ്ടാക്കി സാമാന്യജനത്തിന്റെ താളത്തിനൊപ്പം തുള്ളുന്ന അഹോരോൻമാരെയും കടത്തിവെട്ടി എപ്പിസ്ക്കോപ്പൽ പുരോഹിതന്മാർ കാളക്കുട്ടിയ്ക്കു പകരം ചത്തവന്റെ പ്രതിമയുണ്ടാക്കി യാഗപീഠം പണിത് അതിന്റെ പേരിൽ പെരുന്നാൾ-ഉത്സവം പ്രഖ്യാപിച്ച് പണപ്പിരിവ് നടത്തുന്നു. പുരോഹിതവൃന്ദം കാട്ടിക്കൂട്ടുന്ന ഈ കൊടുംപാപത്തിനു എന്തുപേർ പറയണം?

അഹരോൻ ജേഷ്ഠനായിരുന്നിട്ടും തെറ്റു ബോധ്യമായപ്പോൾ മോശയുടെ മുമ്പിൽ വിറച്ചുകൊണ്ട്, നടന്ന സംഭവമെല്ലാം വിവരിച്ചു പറയുന്നു. എന്നാൽ ഇക്കാലത്ത് ദൈവത്തിന്റെ സ്ഥാനത്ത് സാത്താന്യ വിഗ്രഹങ്ങളെ എഴുന്നെള്ളിച്ച് ജീവനുള്ള ദൈവത്തെ ആരാധിക്കേണ്ട ജനങ്ങളെ സാത്താന്റെ ആരാധകരാക്കി മാറ്റുന്ന പുരോഹിത വേഷധാരികളായ ഒരുത്തനെങ്കിലും കുറ്റം ഏറ്റുപറയുന്നുണ്ടോ?

പുറംജാതികളെക്കാൾ കഷ്ടമായി വിഗ്രഹങ്ങളെ എഴുന്നെള്ളിച്ച് അതിനു മുമ്പിൽ കുമ്പിട്ട് സായൂജ്യമടയുന്നവരെ, ക്രിസ്തുമാർഗ്ഗത്തെ മതമാക്കി മാറ്റിയവരെ നിങ്ങൾക്കു ഹാ കഷ്ടം. നിങ്ങൾ ചെയ്യുന്നത് സാത്താന്യ ശുശ്രൂഷയാണ്. മാനസാന്തരപ്പെട്ട് തിരിയുന്നുവെങ്കിൽ നിത്യനരകത്തിൽ നിന്ന് രക്ഷപെടാം.

ഇവിടെ മോശ ചോദിക്കുന്ന ഒരു ചോദ്യം പ്രസക്തമാണ്. യഹോവയുടെ പക്ഷത്ത് ആരുണ്ട്? ഈ ചോദ്യം എപ്പിസ്ക്കോപ്പൽ സഭകളോടും പുരോഹിതരോടും മാത്രമല്ല കൃപായുഗത്തിലെ യിസ്രായേൽ നിരകളോടും കൂടിയാണ്. പരിശുദ്ധാത്മാവ് ചോദിക്കുന്നു നിങ്ങൾ ഏതു പക്ഷത്താണ്? നാമധേയ ക്രിസ്ത്യാനികളുടെ കാര്യം പോകട്ടെ, വചനാനുസരണം ജീവിക്കുന്നു എന്നു പറയുന്നവരുടെ സ്ഥിതി എന്താണ്? യേശുവിന്റെ രക്തത്താലുള്ള കഴുകലും ശുദ്ധീകരണവും പ്രാപിച്ച് കല്പനകളനുസരിച്ച് വിശുദ്ധിയും വേർപാടും പാലിച്ച് യേശുവിന്റെ വീണ്ടും വരവിനായി ഒരുക്കവും പ്രത്യാശയുമുള്ളവരായി നിൽക്കുന്നവർ യഹോവയുടെ പക്ഷത്തുള്ളവരാണ്. എന്നാൽ ഉപദേശങ്ങളുടെ പേരിൽ വിശുദ്ധിയും വേർപാടും പറഞ്ഞ് സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിപ്പാൻ എപ്പിസ്കോപ്പൽ സഭകൾ വിട്ടവരുടെ സ്ഥിതി എന്താണ്?. ഒരു ന്യൂനപക്ഷം വാസ്തവമായി ദൈവത്തെ സേവിക്കുന്നു എന്നത് സത്യം. എന്നാൽ ഭൂരിപക്ഷത്തിന്റേയും, അവരെ നിയന്ത്രിക്കുന്ന ഇടയന്മാരുടെയും നില പരിതാപകരം തന്നെ.

ഈ രക്തം ഞങ്ങളുടെ സ്വന്തം എന്നു പറഞ്ഞ് രക്ഷകന്റെ വിലയേറിയ രക്തം വിറ്റുമുടിക്കുന്ന മുടിയൻ പുത്രന്മാർ. ഈ രക്തത്തിൽ അവർക്ക് പങ്കും ഓഹരിയുമില്ലാ എന്നും, നിത്യനരകത്തിൽ തന്നെ അവരുടെ അവസാനമെന്നും തീർപ്പുകൽപിക്കുന്ന ദൈവം. സുവിശേഷീകരണം ബിസിനസാക്കി മാറ്റി-കർത്താവിനേയും സഭയേയും വിൽക്കുന്ന മുടിയന്മാരായ ഇടയന്മാർ പെരുകുന്നു. പണം, പ്രശസ്തി ഇതിൽ മാത്രമാണവരുടെ ശ്രദ്ധ. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും അവർ പ്രസംഗിക്കുകയില്ല. മോഹനവാഗ്ദാനങ്ങളായ സമ്പത്തും സൗഖ്യവും മാത്രമാണവരുടെ പ്രസംഗവിഷയങ്ങൾ. ഇവരെ തേടി ആടാനും പാടാനും വീഴാനുമായി മാനസാന്തരപ്പെടാത്ത, വചനനിശ്ചയമില്ലാത്ത ഒരു വലിയ സമൂഹം തെക്കുവടക്കോടുന്നു. ഇവർക്ക് ഉപദേശം-വചനം വേണ്ട. ഇക്കിളി മതി. ഇവർക്കായി ക്രൂസേഡു രാജാക്കന്മാർ പല പേരുകളിൽ ഫയറുകളും, മഹോത്സവങ്ങളും ഒരുക്കുന്നു. കടന്നുവരുന്ന ജനത്തെ സാത്താൻ ഉന്തി വീഴ്ത്തുന്നു. ദൈവരാജ്യത്തിൽ നിന്നും അന്യപ്പെട്ട ഈ സമൂഹം-ചാപിള്ളകൾ, കെട്ടഴിഞ്ഞവരായി തങ്ങൾക്കു തോന്നിയതുപോലെ ജീവിച്ച് നാശയോഗ്യരായി തീരുന്നു. ഉണർവെന്ന പേരിൽ പരിശുദ്ധാത്മാവിന്റെ പരിവേഷം നൽകി സാമാന്യജനത്തെ വഞ്ചിക്കുന്ന ഭോഷ്ക്കിന്റെ അപ്പനായ പിശാചിന്റെ വിളയാട്ടം വിശ്വാസ സമൂഹം തിരിച്ചറിയണം.

സത്യമാർഗ്ഗത്തിൽ സഞ്ചരിച്ച് നല്ലൊരു അവകാശം പ്രാപിപ്പാൻ ആഗ്രഹിക്കുന്നവർ വേറിട്ടു നിൽക്കട്ടെ. അവർ വിശുദ്ധിയും വേർപാടും പാലിക്കട്ടെ. സത്യമാർഗ്ഗത്തിന് ഒരിക്കലും ഭൂരിപക്ഷമുണ്ടാകില്ല. ഇടുക്കവും ഞെരുക്കവുമുള്ള ഈ വഴിയിലൂടെ വിളിക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരും സഞ്ചരിക്കട്ടെ. ദൈവം തനിക്കുള്ളവരെ അറിയുന്നു.

സഹോദരാ, സഹോദരി അവിടെ അങ്ങനെയും ഇവിടെ ഇങ്ങനെയുമൊക്കെയായിരിക്കാം പക്ഷെ, നിത്യതയെക്കുറിച്ച് നിങ്ങൾ ചിന്തിക്കണം. വെടിക്കെട്ടും, പെരുന്നാളും, കൂദാശകളും, കർമ്മങ്ങളും, രോഗശാന്തിയും, സമ്പത്തും ഒന്നും നിങ്ങളെ സ്വർഗ്ഗത്തിലെത്തിക്കുകയില്ല. ഇതൊന്നും ആത്മരക്ഷയ്ക്കുതകുന്നതല്ല. ആകയാൽ വേദപുസ്തക പ്രകാരം ജീവിതം ക്രമീകരിപ്പാൻ ഉത്സാഹിക്കുക. നാശത്തിൽ ചെന്നവസാനിക്കുവാൻ ഇടയാകരുത്. ചതിക്കുഴികളിൽ അകപ്പെടാതെ നല്ലൊരു നിത്യതയ്ക്കായി വചനപ്രകാരം ഒരുങ്ങുവാൻ പരിശുദ്ധാത്മാവ് സഹായിക്കട്ടെ.


**വേദാഭിമാനി**
NOVEMBER

ചീഫ് എഡിറ്റർ
**ടൈറ്റസ് കാർത്തികപ്പള്ളി**

മാനേജർ
**എബ്രഹാം മത്തായി (സണ്ണി)**

പബ്ലിഷർ
**കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ**

കോ-ഓർഡിനേറ്റർ
**തോമസ് വർക്കി**

വാർഷിക വരിസംഖ്യ
ഇന്ത്യ -Rs. 100
യു.എസ്.എ. -$25
മറ്റു രാജ്യങ്ങൾ -Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
**വേദാഭിമാനി**
കേരള-690 516




# ജീവിതവും ഉപദേശവും ഒത്ത തുലാസും

തുലാസ് വ്യാപരത്തോടു ബന്ധപ്പെട്ട ഉപകരണമാണല്ലോ? കള്ളത്തുലാസ് യഹോവയ്ക്ക് വെറുപ്പ് എന്നു പറയുമ്പോൾ ഭൗമീകമായ വ്യാപാരത്തിന്റെ കാര്യമാണ് സാധാരണ മനസ്സിലേക്കു വരിക. എങ്കിൽ അത് കച്ചവടക്കാരെ മാത്രമെ ബാധിക്കുകയുള്ളു. എന്നാൽ രക്ഷിക്കപ്പെട്ട എല്ലാ ദൈവമക്കളും കർത്താവ് ഏല്പിച്ചിട്ടുള്ള താലന്തുകൾ വ്യാപാരം ചെയ്യേണ്ട വ്യാപാരികളാകയാൽ ആത്മീകമായും അർത്ഥവ്യാപ്തിയുള്ളതാണ്.

ഒത്ത തുലാസിന്റെ രണ്ടു തട്ടും ഒരുപോലെയിരിക്കും. ഒന്ന് കേറിയും ഒന്ന് ഇറങ്ങിയും ആണിരിക്കുന്നതെങ്കിൽ അതാണല്ലോ കള്ളത്തുലാസ്? തുലാസിന്റെ രണ്ട് തട്ടും നമ്മുടെ ഉപദേശത്തേയും ജീവിതത്തേയും ആണ് കാണിക്കുന്നതെന്നു പറയാം. ഉപദേശത്തിന്റെ തട്ട് ഉയർന്നും ജീവിതത്തിന്റെ തട്ട് താണും ഇരുന്നാൽ അത് കള്ളത്തുലാസാണ്. മറിച്ച് ഉപദേശത്തിന്റെ തട്ട് താണും ജീവിതത്തിന്റെ തട്ട് ഉയർന്നുമിരുന്നാൽ അതും കള്ളത്തുലാസാണ്. ചിലർ ദൈവരാജ്യം ക്ഷണത്തിൽ വെളിപ്പെടും എന്ന് പറഞ്ഞുകൊണ്ടിരിക്കുകയല്ലാതെ ഏല്പിച്ചിട്ടുള്ള താലന്തുകൾകൊണ്ട് വ്യാപാരം ചെയ്യുകയില്ല. ദൈവരാജ്യം ക്ഷണത്തിൽ വെളിപ്പെടും എന്ന് ബോദ്ധ്യമുള്ളവരെല്ലാം താലന്തുകൾകൊണ്ട് വ്യാപാരം ചെയ്ത് യജമാനനെ എതിരേൽക്കാൻ ഒരുങ്ങണം, വ്യക്തിജീവിതത്തിലോ കുടുംബത്തിലോ സഭയിലോ അശേഷം സാക്ഷ്യമില്ലാത്തവർ ഉപദേശത്തിന്റെ പേരിൽ പടവാളുമായി രംഗത്തു വരുവാൻ ധൈര്യപ്പെടുന്നതിലാണ് അത്ഭുതം. മഹാപണ്ഡിതന്മാർപോലും മടുത്തിട്ടുള്ള കീറാമുട്ടി പിടിച്ച ഉപദേശ വിഷയങ്ങളിൽ തീർപ്പു കല്പിക്കാൻ ധൈര്യപ്പെടുന്നവരുണ്ട്. അവരുടെ ജീവിതം എങ്ങനെയിരിക്കുന്നു? അവരുടെ ശുശ്രൂഷകൾ എങ്ങനെയിരിക്കുന്നു? ആത്മീക വിഷയങ്ങളിൽ അവർക്കുള്ള ഉത്സാഹം എങ്ങനെയിരിക്കുന്നു? പലരുടെയും ഉപദേശങ്ങൾ വ്യാജത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. അനുഭവത്തോട് -വചനത്തോട് ബന്ധപ്പെട്ട ഉപദേശമല്ലത്. സ്നേഹമില്ലാതെ സ്നേഹത്തെക്കുറിച്ച് ഉപദേശിക്കുന്നു. ക്ഷമയില്ലാതെ ക്ഷമയെക്കുറിച്ച് ഉപദേശിക്കുന്നു. സഹിഷ്ണുതയില്ലാതെ സഹിഷ്ണുതയെക്കുറിച്ച് ഉപദേശിക്കുന്നു. വെറും വ്യാജം! കള്ളത്തുലാസ്!

പൊന്ന് തൂക്കുന്നത് ശ്രദ്ധിച്ചാലറിയാം ഒരു മുടിനാരിന്റെ വ്യത്യാസം തട്ടുകൾ തമ്മിൽ ഉണ്ടാവില്ല. ഇരുമ്പ് തൂക്കുമ്പോൾ അത്ര കൃത്യത നോക്കാറില്ല. അരിയോ വീട്ടു സാധനങ്ങളോ വാങ്ങുമ്പോഴും അല്പം മുൻതൂക്കം ഇടുക സ്വാഭാവികമാണ്. വിറകാണെങ്കിൽ കുറെ അധികം മുൻതൂക്കം കാണും.

☞ 8







**വ**ലിയ വീടുകളിലെ കലവറക്കാരനെയോ പാചകക്കാരനെയോ ആണ് ബട്‌ലർ എന്നു വിളിക്കുക. വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത ഈ വേലക്കാർ സ്പെല്ലിങ്ങോ വ്യാകരണമോ ഒന്നും നോക്കിയല്ല ഇംഗ്ലീഷ് സംസാരിക്കുന്നത്. അത്തരം മുറി ഇംഗ്ലീഷ് (Fractured English)ആണ് 'ബട്‌ലർ ഇംഗ്ലീഷ്' എന്നറിയപ്പെടുന്നത്.

**ഗവർണറും വേലക്കാരിയും!**: Governer എന്ന വാക്കിന്റെ സ്ത്രീലിംഗ പദമാണ് Governess. പക്ഷേ, ഈ രണ്ടു വാക്കുകളും തമ്മിൽ അർഥത്തിൽ വലിയ വ്യത്യാസമുണ്ട്.

ഒരു സ്ത്രീയാണ് നമ്മുടെ സംസ്ഥാനത്തെ ഗവർണർ എന്നിരിക്കട്ടെ. അവരെ 'ഗവർണസ്സ്' എന്നു വിളിക്കില്ല. കാരണമെന്താണെന്നോ? പ്രഭുഗൃഹങ്ങളിൽ കുട്ടികളെ പരിപാലിക്കുന്ന ജോലിക്കാരിക്കുള്ള പേരാണ് ഗവർണസ്!

**ചെയർ വുമൺ!**: അധ്യക്ഷൻ എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന വാക്കാണ് 'Chairman'. അധ്യക്ഷൻ സ്ത്രീയാണെങ്കിലോ? ചെയർവുമൺ എന്ന് പറയേണ്ടിവരും. പക്ഷേ, ഇംഗ്ലീഷിൽ അങ്ങനെയൊരു വാക്ക് ഇപ്പോഴില്ല.

എന്നാൽ പതിനേഴാം നൂറ്റാണ്ടിൽ 'Chairwoman' എന്നൊരു വാക്ക് ഇംഗ്ലീഷിൽ പ്രചാരത്തിലുണ്ടായിരുന്നു! 1971-ലാണ് ആണിനും പെണ്ണിനും ഒരുപോലെ പറയാവുന്ന 'Chairperson' എന്ന വാക്ക് കടന്നുവന്നത്. അധ്യക്ഷനെ സൂചിപ്പിക്കാൻ Chairman ഉം വേണ്ട, Chairperson ഉം വേണ്ട Chair എന്നുമാത്രം പ്രയോഗിച്ചാൽ മതി എന്നാണ് പുതിയ ചില ഭാഷാപണ്ഡിതന്മാരുടെ അഭിപ്രായം!

• • • • • • • • • • • • • • • • • • • • • • • • • • • • • • • •

ലണ്ടനിലെ റോയൽ ഓപ്പറ ഹൗസിൽ നാടകം എന്ന പേരിൽ ചില അറുബോറൻ പരിപാടികൾ അവതരിപ്പിക്കാറുണ്ടായിരുന്നു. ഒരു ദിവസം അഭിനയത്തിനുശേഷം അണിയറയിലെത്തിയ പ്രധാന നടൻ ആകെ ദേഷ്യത്തിലായിരുന്നു.

"ഇയാൾക്കിന്ന് എന്തു പറ്റി?" ആരോ ചോദിച്ചു.

"അതോ, ഇന്നത്തെ പരിപാടി കഴിഞ്ഞപ്പോൾ ആരാധകരുടെ സമ്മാനമായി എട്ടു ബൊക്കെകൾ മാത്രമേ കിട്ടിയുള്ളു. അതാ അദ്ദേഹത്തിന്റെ ദേഷ്യത്തിനു കാരണം!" ഒരാൾ പറഞ്ഞു.

"ങേ? എട്ടെണ്ണം കിട്ടിയിട്ടും ദേഷ്യമോ?" കേട്ടുനിന്നവർക്ക് അതിശയമായി.

അപ്പോൾ നാടകക്കാരൻ ശബ്ദം താഴ്ത്തി പറഞ്ഞു: "അങ്ങേര് പത്തു ബൊക്കെയ്ക്കുള്ള പണം കൊടുത്തിരുന്നു!". ഇതുപോലെ രസികൻ തമാശകൾക്കാണ് ഇംഗ്ലീഷുകാർ Joke എന്നു പറയുക. Joker അവർക്ക് രസികനാണ്. അല്ലാതെ കോമാളിയല്ല.

Joker in the pack എന്നൊരു ചൊല്ലുണ്ട്. അപ്രതീക്ഷിതമായി ഒരു കാര്യത്തെ മാറ്റി മറിക്കാൻ കഴിവുള്ള ആൾ എന്ന അർത്ഥത്തിൽ ഈ ചൊല്ല് ഉപയോഗിക്കാറുണ്ട്. ഫലിതത്തിന്റെ കാര്യത്തിൽ ഇംഗ്ലീഷുകാർ ഇതുപോലെയുള്ള പ്രയോഗങ്ങൾ നടത്തി ആളുകളെ അതിശയിപ്പിച്ചു കളയും!



**ഭൗ**മഗ്രഹം എന്നു കേൾക്കുമ്പോൾ ഭൂമിയെ ആവും ഓർമ്മ വരുന്നത് അല്ലേ? ഒരു തരത്തിൽ പറഞ്ഞാൽ അത് ശരിയുമാണ്. ഭൂമിയെപ്പോലെ ഘടനയുള്ള ഗ്രഹങ്ങൾ ആണ് ഭൗമഗ്രഹങ്ങൾ അഥവാ terrestrial planets.

ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നീ നാലെണ്ണമാണ് സൗരയുഥത്തിലെ ഭൗമ ഗ്രഹങ്ങൾ. സിലിക്കേറ്റ് പാറകളും ലോഹങ്ങളും ഒക്കെ അടങ്ങിയ ഉറച്ച പ്രതലം ഇവയ്ക്ക് ഉണ്ടാവും.

അപ്പോൾ ബാക്കിയുള്ള നാല് ഗ്രഹങ്ങളോ? അവയാണ് ജോവിയൻ ഗ്രഹങ്ങൾ (jovian planets). വ്യാഴം, ശനി, യുറാനസ്, നെപ്ട്യൂൺ എന്നിവയാണ് ഇവ. ഇവയ്ക്ക് വാതകഭീമന്മാർ എന്നും പേരുണ്ട്. ഉറച്ച പ്രതലം ഇല്ലാത്ത ഗ്രഹങ്ങളാണിവ. ഹൈഡ്രജനും ഹീലിയവും നീരാവിയുമൊക്കെ അടങ്ങിയ ഒരു ഭീമൻ പടലമാണ് ഓരോ ജോവിയൻ ഗ്രഹവും.




**ആ**കാശത്തിലൂടെ പറന്നുനടക്കാൻ നമുക്കൊക്കെ കൊതിതോന്നും, അല്ലേ? പക്ഷേ, ചിറകില്ലെങ്കിലും മനുഷ്യർ ആകാശം കീഴടക്കുക തന്നെ ചെയ്തു. റൈറ്റ് സഹോദരന്മാർ വികസിപ്പിച്ചെടുത്ത വിമാനത്തിലൂടെ!



വിമാനം പറപ്പിക്കുന്നതിന് ഒരുപാടു കാലത്തെ പഠനവും പരിശീലനവും ആവശ്യമാണ്. എങ്കിൽ പത്ത് വയസ്സുള്ള ഒരു മിടുക്കി 60 കൊല്ലം മുൻപ് വിമാനം പറത്തിയെന്നറിയുമ്പോഴോ?

1952 ജനുവരി 4-നായിരുന്നു ക്യൂബക്കാരിയായ ബെറ്റി ബെന്നറ്റ് എന്ന പത്തുവയസ്സുകാരി ഒറ്റയ്ക്ക് ഒരു വിമാനം പറപ്പിച്ചത്! ഇത് ഒരു റെക്കോഡ് തന്നെയായിരുന്നു. പൈലറ്റായിരുന്ന അൽ ബെന്നറ്റ് സീനിയർ എന്ന തന്റെ അച്ഛനായിരുന്നു ബെറ്റിയുടെ ഗുരു.

1968-ൽ ഫിലിപ്പീൻസിലെ ക്ലാർക്ക് പാലസ് എന്ന പതിനൊന്നുകാരനും തനിയെ ഒരു വിമാനം പറപ്പിക്കുകയുണ്ടായി.




**സ്കൂളിൽ** പോകാതെ മുങ്ങിനടക്കുന്ന കുഴിമടിയന്മാർ നിർബന്ധമായും വായിച്ചിരിക്കേണ്ട ഒരു വാർത്തയിതാ. മൊബൈലും ഇന്റർനെറ്റുമൊക്കെ വരുന്നതിനു മുമ്പത്തെ കഥയാണിത്.

അമേരിക്കയിലെ ഒറിഗണിലെ ക്രൂക്ക് കൗണ്ടി സ്കൂളിൽ അന്നൊക്കെ കുഴിമടിയന്മാർക്ക് കഷ്ടകാലം തന്നെയായിരുന്നു. കാരണമെന്തെന്നല്ലേ? ഓരോ ദിവസവും അന്ന് സ്കൂളിൽ വരാത്തവരുടെ പേരുവിവരം സ്ഥലത്തെ റേഡിയോനിലയം വഴി പ്രക്ഷേപണം ചെയ്തിരുന്നു! ക്ലാസിൽ 'ആബ്സന്റായാൽ' അക്കഥ നാട്ടിലാകെ പാട്ടാവും എന്നർത്ഥം!

എന്നും നിശ്ചിതസമയത്തുള്ള ഈ അറിയിപ്പ് രക്ഷിതാക്കൾ ശ്രദ്ധാപൂർവം കേട്ടിരുന്നു. അതുകൊണ്ടുതന്നെ സ്കൂളിൽ 'മുങ്ങൽ വിദഗ്ധരുടെ' എണ്ണവും അന്ന് കുറവായിരുന്നു.




**മ**നുഷ്യരിൽ മാത്രമല്ല, മറ്റു ജന്തുക്കളിലുമുണ്ട് കൊതിയന്മാർ. കടലാമകളുടെ പ്രിയപ്പെട്ട ആഹാരമാണ് ജെല്ലി ഫിഷ്. വെള്ളത്തിൽ ഒഴുകി നടക്കുന്ന പ്ലാസ്റ്റിക് സഞ്ചികളും മറ്റും ജെല്ലി മീനുകളാണെന്നു കരുതി അകത്താക്കി ആപത്ത് വരുത്തിവെക്കാറുണ്ട്, ഈ സാധു ജീവികൾ! കണ്ണിൽ കാണുന്നതെല്ലാം കൊത്തിവിഴുങ്ങുന്നതിൽ കേമന്മാരാണ് ഒട്ടകപ്പക്ഷികൾ. വിനോദസഞ്ചാരികളിൽനിന്ന് പലതും തട്ടിയെടുത്തു വിഴുങ്ങാനും ഇക്കൂട്ടർക്ക് മിടുക്കുണ്ട്. 1980-കളിൽ ലണ്ടനിലെ ഒരു മൃഗശാലയിൽ മരണമടഞ്ഞ ഒരു ഒട്ടകപ്പക്ഷിവീരനെ അധികൃതർ പോസ്റ്റുമാർട്ടം ചെയ്തു. ഈ വിരുതൻ പലതും അകത്താക്കുന്നത് മൃഗശാല അധികൃതർ കണ്ടിരുന്നു.

ഈ കൊതിയച്ചന്റെ വയറ്റിൽ നിന്ന് കണ്ടെടുത്ത സാധനങ്ങൾ കണ്ട് അവർ മൂക്കത്ത് വിരൽ വെച്ചുപോയി. തന്റെ ആയുസ്സിനിടയിൽ ഒട്ടകപ്പക്ഷി അകത്താക്കിയവ എന്തൊക്കെയായിരുന്നുവെന്നോ?

രണ്ട് തൂവാലകൾ, മൂന്ന് കൈയുറകൾ, ഒരു ഫിലിം റോൾ, ഒരു പ്ലാസ്റ്റിക് ചീർപ്പ്, ക്ലോക്കിന്റെ താക്കോൽ ഒരെണ്ണം, മുക്കുമാലയുടെ കഷണം, രണ്ട് കോളർ ബട്ടണുകൾ, രണ്ട് ബെൽജിയൻ നാണയങ്ങൾ,



# മൂന്നു രാവും മൂന്നു പകലും

**ബൈ**ബിളിൽ പറയുന്നതുപോലെ യോനയുടെ അടയാളം യേശുവിൽ നിറവേറിയോ? വെള്ളിയാഴ്ചയാണ് കർത്താവിനെ ക്രൂശിച്ചതെങ്കിൽ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലിരിക്കും എന്നു പറഞ്ഞത് എങ്ങനെ ശരിയാകും? തുടങ്ങിയ ചോദ്യങ്ങളുമായി ചില മുസ്ലീം സഹോദരന്മാർ ഞങ്ങളെ സമീപിച്ചു. "ക്രിസ്ത്യാനികൾക്ക് ഉത്തരം മുട്ടി." "നുണ പറയുന്ന ദൈവം" എന്നീ തലക്കെട്ടുകളിൽ ചിലർ ഇത് വലിയൊരു വിഷയമായി പൊതുസമൂഹത്തിൽ അവതരിപ്പിക്കുകയും ചെയ്തു.

*ഈ ചോദ്യങ്ങൾ പാസ്റ്റർമാർ, വേദപണ്ഡിതർ, സഭാനേതാക്കന്മാർ തുടങ്ങി പലർക്കും കൈമാറിയെങ്കിലും കൃത്യവും വ്യക്തവുമായ ഒരു ഉത്തരം നൽകാൻ ആർക്കും കഴിഞ്ഞില്ല. നിലവിലുള്ള പഠനങ്ങളിലും ചിന്തകളിലും ആശയങ്ങളിലും കുടുങ്ങികിടക്കുന്നതുകൊണ്ടാണ് പലർക്കും കൃത്യമായ മറുപടി പറയാൻ കഴിയാത്തത്. സ്വതന്ത്രമായി ദൈവവചനം പഠിക്കുവാനും ചിന്തിക്കുവാനും ആധികാരികമായി സംസാരിക്കുവാനും വേദപണ്ഡിതർ എന്നഭിമാനിക്കുന്നവർക്കുപോലും കഴിയുന്നില്ലായെന്നത് വേദാഭിമാനിയ്ക്ക് പലപ്പോഴായി ബോധ്യപ്പെട്ടിട്ടുള്ള വസ്തുതയാണ്. ജാതികളുടെ ചോദ്യങ്ങൾക്കു മുമ്പിൽ തല കുനിച്ചു നിൽക്കുന്ന അവസ്ഥ മാറണം എന്ന താൽപര്യത്തിൽ പൊതുവേ സ്വീകാര്യമായ ഒരു മറുപടി പ്രസിദ്ധീകരിക്കുന്നു. ക്രൂശീകരണം സംബന്ധിച്ച് ടൈറ്റസ് കാർത്തികപ്പള്ളി നൽകുന്ന വ്യക്തമായ കാലകണക്കുകൾ അടുത്ത ലക്കത്തിൽ വേദാഭിമാനിയിൽ ഉൾപ്പെടുത്തുന്നതാണ്.*

**യ**ഹൂദന്റെ ഒന്നാമത്തെ പെരുന്നാളാണ് പെസഹാ (ലേവ്യ 23:4-36). കുഞ്ഞാടിന്റെ രക്തത്താൽ മിസ്രയിമിൽ നിന്നും വിടുതൽ പ്രാപിച്ചതിന്റെ ശാശ്വതമായ ഓർമ്മകൾ. അതുപോലെ യഹൂദന്റെ ദിവസം ആരംഭിക്കുന്നത് വൈകിട്ട് 6 മണിക്കാണ്. യഹൂദന്റെ ദിവസം വൈകിട്ട് 6 മണി മുതൽ പിറ്റേദിവസം വൈകിട്ട് 6 മണി വരെയാണ് (ലേവ്യ 23:32) സാധാരണ ദിവസങ്ങളുടെ സന്ധ്യാസമയത്ത് യഹൂദന്റെ ദിവസം ആരംഭിക്കുന്നു. ബിലയാമിന്റെ പ്രവചനം നോക്കുക. തനിച്ചുപാർക്കുന്നോരു ജനം, ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല (സംഖ്യാ 23:9).

അതുപോലെ സിവിൾ കലണ്ടർ പ്രകാരം 4-ാം മാസം യഹൂദന്റെ ഒന്നാം മാസം ആരംഭിക്കുന്നു. സമവീക്ഷണ സുവിശേഷങ്ങളിൽ യേശു ശിഷ്യന്മാരുമൊത്ത് കഴിക്കുന്ന അന്ത്യത്താഴം പെസഹാ ഭക്ഷണമാണ് (മത്താ. 26:2; മർക്കൊ. 14:1). പീലാത്തോസിന്റെ മുമ്പിൽ യേശുവിന്റെ വിചാരണ നടക്കുന്നത് പെസഹായ്ക്ക് മുമ്പാണെന്ന് യോഹന്നാൻ സൂചിപ്പിക്കുന്നു (യോഹ. 18:28). കാലക്രമമനുസരിച്ച് യേശുവിനെ ക്രൂശിൽതറച്ചത് ശബ്ബത്തിന്റെ ഒരുക്കനാളായിരുന്നു (യോഹ. 19:31). പെസഹാകുഞ്ഞാടിനെ ദൈവാലയത്തിൽ അറുക്കുന്ന സമയത്താണ് യേശു ക്രൂശിൽ ജീവൻ വെടിഞ്ഞത് എന്ന് യോഹന്നാൻ വ്യക്തമാക്കുന്നു. ആടുകളെ അറക്കുന്നതിന് 20 മണിക്കൂർ മുൻപ് യേശു പെസഹാ ഭക്ഷിക്കുകയും, ആടുകളെ കൊല്ലുന്ന നേരത്ത് ക്രൂശിൽ ബലിയായി ഭവിക്കുകയും ചെയ്തു. പെസഹായ്ക്ക് മുൻപുള്ള കിദുഷ് എന്ന അനുഷ്ഠാനപരമായ സദ്യയിലാണ് യേശു പങ്കുകൊണ്ടതെന്നും നിസാൻ മാസം 14-നാണ് സംഭവങ്ങളുടെ തുടക്കം എന്നും ചില വേദപണ്ഡിതന്മാർ ചരിത്രപരമായ തെളിവുകൾ ഉദ്ധരിച്ച് സ്ഥാപിക്കുന്നു. ഇത്രയും കാര്യങ്ങൾ മനസിൽ വച്ചുകൊണ്ട് തുടർന്നു വായിക്കുക.

വെള്ളിയാഴ്ച കർത്താവിനെ ക്രൂശിച്ച് അന്നു വൈകിട്ട് കല്ലറയിൽ വച്ച് ഞായറാഴ്ച രാവിലെ ഉയിർത്തെഴുന്നേറ്റു എന്നു പറയുമ്പോൾ കർത്താവ് വെള്ളിയാഴ്ച രാത്രിയും ശനിയാഴ്ച പകലും ശനിയാഴ്ച രാത്രിയും (അതായത് 2 രാത്രിയും 1 പകലും മാത്രമെ കല്ലറയിൽ ഇരുന്നിട്ടുള്ളു). അപ്പോൾ കർത്താവ് മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെ ഉള്ളിൽ ഇരിയ്ക്കും എന്ന് പറഞ്ഞത് എങ്ങനെ ശരിയാകും? വസ്തുതകൾ പരിശോധിക്കാം.

യഹൂദാ കലണ്ടർ പ്രകാരം ആ വർഷത്തെ ആബീബ് മാസം 14-ാം തീയതി ചൊവ്വാഴ്ചയായിരുന്നു. അതായത് ചൊവ്വാഴ്ച വൈകിട്ട് ആറുമണി മുതൽ ബുധനാഴ്ച വൈകിട്ട് 6 മണി വരെ പെസഹാ (ലേവ്യാ 23:4, 32 നോക്കുക).


പത്രോസും യോഹന്നാനും യേശുകർത്താവ് പറഞ്ഞയച്ചതനുസരിച്ച് വന്മാളികയിൽ വച്ച് പെസഹാ തയ്യാറാക്കുന്നു. യേശുവും ശിഷ്യന്മാരുമായി വൈകിട്ട് പെസഹാ കഴിപ്പാൻ വരുന്നു. യൂദാ ഉൾപ്പെടെ 12 ശിഷ്യന്മാർ പെസഹാ കഴിക്കുന്നു. കഴിയ്ക്കുന്നതിനിടയിൽ യൂദാ മഹാപുരോഹിതന്മാരുടെ അടുക്കൽ അവനെ കാണിച്ചുകൊടുക്കാൻ പോകുന്നു. യൂദാ ഇല്ലാതിരുന്ന സമയം 11 ശിഷ്യന്മാർക്ക് കർത്താവ് തിരുവത്താഴത്തിന്റെ ശുശ്രൂഷ ഭരമേല്പ്പിയ്ക്കുന്നു. അങ്ങനെ സമയം 10 മണിക്കുശേഷം യേശു ശിഷ്യന്മാരുമായി ഗത്സമനതോട്ടത്തിൽ പോകുന്നു. 12 മണിക്കുശേഷം യൂദ സൈന്യവുമായി വരുന്നു. അവർ യേശുവിനെ പിടിക്കുന്നു. സമയം ബുധനാഴ്ച വെളുപ്പിന് 1 മണിയ്ക്കുശേഷം അതായത് ചൊവ്വാഴ്ച രാത്രി. ബുധനാഴ്ച രാവിലെ പട്ടാളം യേശുവിനെ കയ്യഫാവിന്റെ അടുക്കൽ നിന്നും പീലാത്തോസിന്റെ അരമനയിൽ കൊണ്ടുപോകുന്നു.

ഈ സമയം കർത്താവിനെ പിടിപ്പാൻ വന്ന യഹൂദന്മാർ പെസഹാ കഴിച്ചിട്ടില്ലായിരുന്നു. തങ്ങൾ അശുദ്ധമാകാതെ പെസഹാ കഴിപ്പാൻ തക്കവണ്ണം ആ സ്ഥാനത്തിൽ കടന്നില്ല. (യോഹ. 18:28) ബുധനാഴ്ച രാവിലെ 9 മണിയോടുകൂടി വിസ്താരം. എല്ലാം കഴിഞ്ഞ് കർത്താവിനെ ക്രൂശിപ്പാൻ ഏൽപ്പിച്ചുകൊടുക്കുന്നു. (അപ്പോൾ പെസഹായുടെ ദിവസത്തിൽ 15 മണിക്കൂർ കഴിഞ്ഞുപോയി. വൈകിട്ട് 6 മണി മുതൽ രാവിലെ 9 മണി വരെ.)

ക്രൂശീകരണം 12 മണിയോടുകൂടി ആരംഭിക്കുന്നു. 6-ാം മണിനേരം മുതൽ 9-ാം മണി നേരം വരെ ദേശത്ത് എല്ലാം ഇരുട്ടുണ്ടായി (അതായത് 12 മണി മുതൽ 3 മണി വരെ). ഇന്ന് ഈസ്റ്റ് ആഫ്രിക്കയിൽ സമയം രാവിലെ 7 മണിക്ക് 1 മണി എന്നും വൈകിട്ട് 6 മണിക്ക് 12 മണി എന്നും വൈകിട്ട് 7 മണിക്ക് 1 മണി എന്നുമാണ് പറയുന്നത്. ഇത് യഹൂദാ പാരമ്പര്യത്തിൽ നിന്നും അറബികൾക്ക് ലഭിക്കയും അറബികളിൽ നിന്നും അവർ ഇവിടെ കച്ചവടത്തിന് വന്ന സമയം ഇവിടുത്തെ ആൾക്കാർക്ക് ലഭിക്കയുമാണ് ഉണ്ടായത്.

ഉച്ചകഴിഞ്ഞ് 3 മണിക്ക് യേശുകർത്താവ് തന്റെ ആത്മാവിനെ പിതാവിന്റെ കയ്യിൽ ഏൽപിച്ചുകൊടുത്തു. അതായത് അവൻ തന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടിയിരിക്കുന്നു. പ്രാണനെ 'വിട്ടു' (യോഹ. 19:30). "ആത്മാവിനെ ഏൽപിച്ചുകൊടുത്തു." കർത്താവ് സ്വന്തം ജീവനെ പിതാവിന്റെ കൈയ്യിൽ ഏല്പിക്കയായിരുന്നു.

അന്ന് ഒരുക്കനാളും ആ ശബത്ത് വലിയതും ആകകൊണ്ട് ശരീരങ്ങൾ ക്രൂശിൽ ഇരിക്കരുത്... (യോഹ. 19:31-32). ഇവിടെ ആ ശബത്ത് വലിയ ശബത്ത് എന്ന് എഴുതിയിരിക്കുന്നു. ദൈവം ന്യായപ്രമാണം കൊടുത്ത സമയത്ത് 7-ാം ദിവസത്തെ വലിയ ശബത്ത് എന്ന് പറഞ്ഞിട്ടില്ല. വലിയ ശബത്ത് എന്ന് പറയുന്നത് 7-ാം ദിവസത്തെ സാധാരണ ശബ്ബത്തല്ല. പിന്നെയോ ഇത് ഒരു പ്രത്യേക ശബത്തിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. നേരത്തെ നാം കണ്ടതുപോലെ ക്രൂശീകരണം യഹൂദന്റെ 7 ഉത്സവത്തോടുള്ള ബന്ധത്തിലാണല്ലോ ചിന്തിക്കുന്നത് (ലേവ്യാ 23:4-8) നിസാൻ മാസം 14-നു വൈകിട്ട് പെസഹാ, 15-നു വൈകിട്ട് പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാളിന്റെ ഒരുക്കനാൾ അതായത് 15-ാം തീയതി വലിയ ശബത്ത് അന്ന് സാമാന്യവേല ഒന്നും ചെയ്യരുത്. അതായത് ബുധനാഴ്ച വൈകിട്ട് മുതൽ വ്യാഴാഴ്ച വൈകിട്ട് വരെ വലിയ ശബത്ത് ആയതുകൊണ്ട് ശരീരങ്ങൾ ക്രൂശിൽ ഇരിക്കരുത് (യോഹ. 19:31). ബുധനാഴ്ച ജീവൻ ഏല്പിച്ച് കൊടുത്ത യേശുവിന്റെ ശരീരവും മരിക്കാതെ കിടന്ന കള്ളന്മാരുടെ ശരീരവും വ്യാഴാഴ്ച വലിയ ശബത്തിൽ ക്രൂശിൽ ഇരിക്കരുത് എന്നാണ് പറഞ്ഞിരിക്കുന്നത്.



ബുധനാഴ്ച അരിമഥ്യാക്കാരനായ യോസേഫ് കർത്താവിന്റെ ശരീരം ഇറക്കി യഹൂദ മര്യാദപ്രകാരം തന്റെ കല്ലറയിൽ വച്ചു ശബത്തും ആരംഭിച്ചു. സ്ത്രീകൾ അവനെ വച്ച വിധവും സ്ഥലവും കണ്ടിട്ട് മടങ്ങിപ്പോയി. സുഗന്ധവർഗ്ഗവും പരിമളതൈലവും ഒരുക്കി കല്പന അനുസരിച്ച് വലിയ ശബത്തിൽ സ്വസ്ഥമായിരുന്നു (ലൂക്കൊ. 23:50-56). ശബത്തിന്റെ തലേനാളായ ഒരുക്കനാളിൽ അവനെ അടക്കി എന്നു കാണുന്നു. മർക്കോസ് 16:1-ൽ ശബത്ത് കഴിഞ്ഞ് (അതായത് വലിയ ശബത്തായ വ്യാഴാഴ്ച കഴിഞ്ഞ് വെള്ളിയാഴ്ച) സ്ത്രീകൾ സുഗന്ധവർഗ്ഗം വാങ്ങി എന്നുണ്ടല്ലോ. സാധാരണ ശബത്ത് കഴിഞ്ഞ് ഞായറാഴ്ച ആണല്ലോ. അന്ന് വാങ്ങിയെന്ന് എഴുതിയാൽ പിന്നെ അന്ന് രാവിലെ കല്ലറക്കൽ സുഗന്ധവർഗ്ഗം കൊണ്ടുചെന്നു എന്ന് പറയുന്നത് ബുദ്ധിയല്ലല്ലോ. ചൊവ്വാഴ്ച വൈകിട്ടു മുതൽ വ്യാഴാഴ്ച വൈകിട്ടുവരെ പെസഹായും വലിയ ശബത്തും ആണ്. അന്ന് കടകൾ ഒന്നും തുറക്കില്ല. ശനിയാഴ്ചയും കടകൾ തുറക്കില്ല. പിന്നെ ശേഷിച്ചിരിക്കുന്നത് വെള്ളിയാഴ്ച മാത്രമാണ്, അങ്ങനെ അവർ വെള്ളിയാഴ്ച സുഗന്ധവർഗ്ഗം വാങ്ങി എല്ലാം ഒരുക്കി. സാധാരണ ശബത്തും ആരംഭിച്ചു. സ്ത്രീകൾ കല്പന അനുസരിച്ച് ശബത്തിൽ സ്വസ്ഥമായിരുന്നു.

മത്തായി 27:62-ൽ ഒരുക്കനാളിന്റെ പിറ്റേ ദിവസം പരീശന്മാരും ശാസ്ത്രിമാരും പീലാത്തോസിന്റെ അടുക്കൽ ചെന്ന് കല്ലറ ഉറപ്പിക്കാൻ അനുവാദം ചോദിക്കുന്നു. ശബത്ത് ദിവസത്തിൽ പരീശന്മാർക്ക് റോമാക്കാരനായ പീലാത്തോസിന്റെ അടുക്കൽ പോകാൻ നിയമം അനുവദിക്കയില്ലല്ലോ. അതായത് വെള്ളിയാഴ്ച പീലാത്തോസിന്റെ അടുക്കൽ ചെന്നു.

അങ്ങനെ അടിസ്ഥാനപരമായി ചിന്തിച്ചാൽ യേശുവിന്റെ ശരീരം ബുധനാഴ്ച കല്ലറയിൽ വച്ചതായി കാണാം.


| | ശരീരം കല്ലറയിൽ | | |
|---|---|---|---|
| | പകൽ | രാത്രി | |
| ബുധനാഴ്ച ക്രൂശീകരണം | — | 1 | |
| വ്യാഴം | 1 | 1 | |
| വെള്ളി | 1 | 1 | |
| ശനി | 1 | — | വൈകിട്ട് ഉയർപ്പ് |

ശനിയാഴ്ച 6 മണിക്കു ശേഷം കർത്താവ് ഉയർത്തെഴുന്നേറ്റു. അക്ഷരപ്രകാരം യേശു പറഞ്ഞത് അനുസരിച്ച് 24 മണിക്കൂർ വീതമുള്ള 3 ദിവസം മാത്രമെ തന്റെ ശരീരം കല്ലറയിൽ ഇരുന്നുള്ളു. ദൈവം തന്റെ പ്ലാനിൽ കൂടുതൽ ഒരു മിനിറ്റുപോലും പുത്രന്റെ ശരീരം കല്ലറയിൽ ഇരിക്കുവാൻ സമ്മതിക്കുന്നില്ല. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം സ്ത്രീകൾ കല്ലറക്കൽ രാവിലെ ചെന്നപ്പോൾ അവൻ ഉയർത്തെഴുന്നേറ്റതായി ദൂതന്മാർ പറഞ്ഞു. എപ്പോഴാണ് ഉയർത്തെഴുന്നേറ്റത് എന്ന് പറഞ്ഞിട്ടില്ല. മർക്കൊ. 16:9 പ്രകാരം. (Early the first day of the week) അതായത് ശനിയാഴ്ച രാത്രിയുടെ ആരംഭത്തിൽ. തിരുവചനം സൂക്ഷ്മമായി പരിശോധിച്ചാൽ ക്രൂശീകരണം ബുധനാഴ്ച ആകുന്നു എന്ന് മനസ്സിലാക്കാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വഴിതെറ്റിയ വാക്കുകൾ



**വാ**യിൽ തോന്നുന്ന എന്തും വിളിച്ചുപറയുന്നവരെ പൊതു സ്ഥലങ്ങളിൽ കാണാറുണ്ട്. ആത്മീയഗോളത്തിൽ ഇന്ന് കാണുന്നതും ഇതുതന്നെയാണ്. ഇവിടെ ഏതു വഴി പോക്കനും എന്തും ഏതും പറയാവുന്ന സ്ഥിതിയാണിപ്പോഴുള്ളത്. ആരും ചോദിക്കാനും പറയാനും ഇല്ല. ഇതിനൊരു മാറ്റമുണ്ടാകണമെന്ന ആഗ്രഹത്തോടെ സഭാനേതാക്കൾ എന്നഭിമാനിക്കുന്ന ചെറിയ മനുഷ്യരുടെ വചനവിരുദ്ധമായ, ആത്മീയ തകർച്ച വ്യക്തമാക്കുന്ന വികൃതമായ വാചകങ്ങൾ വായനക്കാരുടെ വിലയിരുത്തലിനായി വിട്ടുകൊണ്ട് ചെറിയ അടിക്കുറിപ്പോടെ പ്രസിദ്ധീകരിക്കുന്നു. പഠിച്ചും, പഠിപ്പിച്ചും, പ്രസംഗിച്ചും പാതാളത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നവർക്ക് തിരിച്ചറിവുണ്ടാകാൻ പ്രാർത്ഥിക്കാം.

***ലോകത്തിലെ ആദ്യ തൊഴിൽ ദാതാവ് ദൈവമാണ്. ഏദനിലായിരുന്നു അത് ആരംഭം കുറിച്ചത്. ആദിമനുഷ്യൻ തൊഴിൽ രഹിതനാവരുതെന്ന് ദൈവത്തിന് നിർബന്ധം ഉണ്ടായിരുന്നു. ആദ്യ തൊഴിൽ കൃഷിയോടും വിളകളുടെ സംരക്ഷണത്തോടും ബന്ധപ്പെട്ടവയായിരുന്നു. ദൈവം വരച്ചുകെട്ടിയ ക്യാൻവാസാണ് പ്രകൃതി. പുലർച്ചെ തന്നെ വയലിലേക്ക് പണിയായുധങ്ങളുമായി ഇറങ്ങുന്ന നല്ല ഒരു കർഷകനായിരുന്നു യേശു.***

**സി.റ്റി. ജോണിക്കുട്ടി, ദൈവസഭ, എജ്യൂക്കേഷൻ ഡയറക്ടർ**

*വേദാഭിമാനി*: ഇദ്ദേഹത്തിന്റെ ലേഖനം വായിച്ചാൽ ക്രിസ്തുമാർഗ്ഗം ഒരു തൊഴിലുറപ്പ് പദ്ധതിയാണെന്നു തോന്നും. തൊഴിലാളി-മുതലാളി ബന്ധമല്ല ദൈവവും മനുഷ്യനും തമ്മിലുള്ളത്. തോട്ടത്തിൽ കൃഷിയിറക്കാനല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ഫലങ്ങൾ തിന്നത്തക്കവണ്ണം തോട്ടം സമൃദ്ധമായിരുന്നു. പാപത്താൽ മലിനമായതോടെയാണ് അദ്ധ്വാനിച്ചുതിന്നേണ്ട ഗതികേടുണ്ടായത്. മണ്ണിൽ നിന്ന് എടുക്കപ്പെടുകയും ദൈവശ്വാസത്താൽ സജീവമാക്കപ്പെടുകയും ചെയ്യുന്ന മനുഷ്യന് പ്രപഞ്ചത്തോടും പ്രകൃതിയോടുമുള്ള ബന്ധം കൈകാര്യകർതൃത്വത്തിന്റേതാണ്. അടക്കി വാഴുവാനും കീഴ്പ്പെടുത്തി ഫലപ്രദമായി സംരക്ഷിക്കുവാനുമാണ് മനുഷ്യന്റെ നിയോഗം.

ദൈവം വരച്ചു കെട്ടിയ ക്യാൻവാസാണ് പ്രകൃതിയെന്ന് ജോണികുട്ടി പറയുമ്പോൾ അത് അതിരുകടന്ന (കടമെടുത്ത) ഭാവനയും വചനവിരുദ്ധമായ നിലപാടാണെന്നും പറയേണ്ടിവരും. സൃഷ്ടിക്കുകയും കല്പിക്കുകയും ചെയ്യുന്ന ദൈവത്തെക്കൊണ്ട് ജോണിക്കുട്ടി വരപ്പിക്കരുത് എന്നുമാത്രമേ വേദാഭിമാനിയ്ക്ക് പറയാനുള്ളു.

പുലർച്ചെതന്നെ വയലിലേക്ക് പണിയായുധങ്ങളുമായി ഇറങ്ങുന്ന നല്ല ഒരു കർഷകനായിട്ടാണ് ജോണിക്കുട്ടി യേശുവിനെ കാണുന്നത്. കമ്മ്യൂണിസ്റ്റുകാരന്റെ കാഴ്ചപ്പാട് കടമെടുത്ത് ക്രിസ്തുവിനെ കമ്മ്യൂണിസ്റ്റാക്കിയ സഖാവിന് വിപ്ലവാഭിവാദനങ്ങൾ!

***ഭരണാധികാരികൾ വരുകയും പോകുകയും ചെയ്താലും സഭയ്ക്ക് സ്ഥിരമായ ഒരു ആസ്ഥാനമുണ്ടായിരിക്കുക എന്നുള്ളത് ഒരു അഭിമാനം മാത്രമല്ല, ഒരു ആവശ്യവും കൂടിയാണ്. എങ്കിലും ആദിമസഭയ്ക്ക് പോലും മർക്കോസിന്റെ മാളിക ആവശ്യമായിരുന്നുവല്ലോ.***

**പി.ഐ.ഏബ്രഹാം**

*വേദാഭിമാനി*: മർക്കൊസ് എന്ന് മറുപേരുള്ള യോഹന്നാൻ പുതിയനിയമത്തിൽ 8 പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. യവനന്മാരുമായി ഇടപഴകുന്ന യഹൂദന്മാർക്ക് രണ്ട് പേരുകൾ ഉണ്ടാകുക സ്വാഭാവികം. പത്രോസിന്റെ റോമൻ പ്രസംഗങ്ങളുടെ സംഗ്രഹമാണ് മർക്കോസിന്റെ സുവിശേഷം. ഈജിപ്തിലാണ് താൻ സുവിശേഷമറിയിച്ചതെന്ന് ചരിത്രം. പൗലൊസും ബർന്നബാസും വഴിപിരിയാൻ കാരണക്കാരൻ ഈ മർക്കൊസാണ് (അ.പ്ര. 13:5, 25:36-38).

യരുശലേമിലെ മാളിക-ഭവനസഭ-പ്രാർത്ഥനാകേന്ദ്രം മർക്കൊസിന്റേതല്ല, തന്റെ അമ്മ മറിയയുടെതാണ് (അ.പ്ര. 12:12). പടിപ്പുരവാതിലും ബാല്യക്കാരിത്തിയുമൊക്കെയുണ്ടായിരുന്ന സമ്പന്നയായ വിധവയായിരുന്നു മറിയ. ഈ ഭവനം ഇരുന്ന സ്ഥലത്താണ് ലോകത്തിൽ ആദ്യമായി ദൈവമാതാവിന്റെ നാമത്തിൽ പള്ളി സ്ഥാപിച്ചതെന്ന് സിറിയൻ ഓർത്തഡോക്സ് പാരമ്പര്യം.

മറിയയുടെ മാളിക പ്രാദേശിക (ഭവന) സഭയായിരുന്നു. മറിയയുടെ മാളിക ദൈവസഭയുടെ വളർച്ചയിൽ പങ്കാളിയായ ഭവനം എന്നല്ലാതെ സഭയുടെ ഓഫീസോ, കാര്യാലയമോ, ആസ്ഥാന മന്ദിരമോ ഒന്നുമല്ലായിരുന്നു. ഈ നിലയിലാണ് ഞങ്ങൾ കാര്യങ്ങൾ മനസിലാക്കിയിരിക്കുന്നത്. ഇനി മർക്കൊസിന്റെ മാളിക എന്താണെന്ന് അച്ചൻ വിശദീകരിക്കണം. ഈ മാളികയെ കേന്ദ്രീകരിച്ചായിരുന്നോ ദൈവസഭയുടെ പ്രവർത്തനം?

നേതാവും സിൽബന്ദികളും ചാർച്ചക്കാരും അടങ്ങുന്ന പ്രസ്ഥാനമാണ് സഭയെന്നും, അതിന് തലസ്ഥാനമുണ്ടെന്നും ഒരു ആസ്ഥാന മന്ദിരമുണ്ടെന്നും, പണമാണടിസ്ഥാനമെന്നും നിലനില്പാണ് മുഖ്യവിഷയമെന്നുമുള്ള ആധുനിക കാഴ്ചപ്പാടിനെ പരോക്ഷമായി പിൻതാങ്ങുന്ന പ്രസ്താവനയാണ് അച്ചൻ നടത്തിയിരിക്കുന്നത്.

ആത്മീയം വലിയൊരു വ്യവസായമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ആത്മീയ അഭ്യാസത്തിന്റെ മെയ്വഴക്കമാണ് നാമിവിടെ കാണുന്നത്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാൻ ലഭിക്കുന്ന ഏതു സാഹചര്യവും അനുകൂലമാക്കി മാറ്റുന്നു. ഒരേ സമയം വിപരീത ദിശയിൽ വളരുന്ന ജീവികളെ ആത്മീയത്തിലെ കാണാൻ പറ്റു. ഡാർവിൻ ഇന്ന് ജീവിച്ചിരുന്നെങ്കിൽ പരിണാമം കാണണമെങ്കിൽ ആത്മീയരെ നോക്കു എന്ന് വിളിച്ചു പറഞ്ഞേനെ. കഥയറിയാതെ ആട്ടം കാണുകയാണെന്നു തോന്നും. പക്ഷെ കഥയറിഞ്ഞുള്ള കഥകളിയാണിതൊക്കെ. നിലനിൽപ്പാണല്ലോ മുഖ്യം.

***ദൈവസഭ എന്ന ബൃഹത്തായ പ്രസ്ഥാനം ഇന്ന് ഭൂഖണ്ഡമേൽക്കോയ്മയായി മാറിക്കഴിഞ്ഞു (വെളി. 5:9, 7:9). പാതാള ഗോപുരങ്ങൾ ദൈവസഭയെ ജയിക്കയില്ല എന്നാണ് (മത്താ. 16:18) അരുമനാഥനായ കർത്താവ് ഏഷ്യയിലെ യവന റോമാ സാമ്രാജ്യങ്ങളുടെ തലസ്ഥാനമായ ഫിലിപ്പിന്റെ കൈസര്യയിൽ ദൈവരാജ്യത്തിന്റെ വിളംബരം നടത്തിയത്.***

**റവ. പി. ജെ. ജയിംസ്, എജ്യൂക്കേഷൻ ഡയറക്ടർ**

*വേദാഭിമാനി* : സ്ഫോടനാത്മകമായ വാക്കുകൾ! ഇങ്ങനെയുണ്ടോ വാക്കുകൾ? ഇങ്ങനെയുണ്ടോ വാചകങ്ങൾ? ഇങ്ങനെയുണ്ടോ ചരിത്രവീക്ഷണം? ഒരുനിഘണ്ടുവും നാലു വാക്കുകളുമുണ്ടെങ്കിൽ ആർക്കും എന്തും എഴുതാം എന്നും, വായിൽ തോന്നുന്നത് പറയുന്നതാണ് ചരിത്രമെന്നും മനസിലായി. എങ്കിലും അപോകാലിപ്റ്റിക് പോലെ ഇതെന്തു ഭാഷ; ഇത് എന്തു ചരിത്രം എന്നുകൂടെ വ്യക്തമാക്കാമായിരുന്നു.

***ഭാരതത്തിൽ പെന്തക്കോസ്തിനു സംഘടിത സഭാരൂപമുണ്ടാക്കിയതും കുക്കുസായിപ്പാണ്.***

**പാസ്റ്റർ ജെ. ജോസഫ്**

*വേദാഭിമാനി*: പ്രാദേശിക സഭകൾ കൂട്ടിചേർത്ത് സംഘടനയുണ്ടാക്കുന്നത് വചനവിരുദ്ധ നടപടിയാണ്. പെന്തക്കോസ്തും സംഘടിതസഭയും ഒന്നും തിരുവചനത്തിന് നിരക്കുന്നതല്ല. ഇതൊക്കെ എന്താണെന്ന് ഇനിയെങ്കിലും പഠിക്കാൻ ശ്രമിക്കണം. സഭയും സംഘടനയും എന്താണെന്ന്  ജാതികൾക്കുപോലുമറിയാം. ദൈവസഭയെ സംഘടിപ്പിക്കുന്ന-പ്രസ്ഥാനവൽക്കരിക്കുന്ന ഏതൊരുവനും ശിക്ഷാവിധിയിൽ അകപ്പെടും.

***സീയോൻകുന്ന് എന്ന് നാമകരണം ചെയ്തത് സമസ്തകേരളത്തിന്റെയും ആനന്ദഭൂമിയായി മാറി (സങ്കീ. 48:2). ഇവനും അവനും അവിടെ ജനിച്ചു എന്ന് സീയോൻ കുന്നിനെ നോക്കി അനേകർ പറയുന്നു (സങ്കീ. 87:5-6).***

**റവ. പി. ജെ. ജയിംസ്**

*വേദാഭിമാനി*: ദൈവവചനം തറവാട്ടുവകയാക്കിയാൽ ഇങ്ങനെയിരിക്കും. യഹോവ തന്റെ രാജാവിനെ വാഴിച്ചിരിക്കുന്ന വിശുദ്ധ പർവ്വതമാണ് സിയോൻ (സങ്കീ. 2:6). അത് ഇത്ര അടുത്ത് മുളക്കുഴയാണെന്ന് അറിഞ്ഞിരുന്നില്ല. രാജാവ് ഇപ്പോഴത്തെ ഓവർസിയറോ പഴയ ഓവർസിയറോ എന്നുകൂടെ വ്യക്തമാക്കാമായിരുന്നു.

***പെന്തക്കോസ്തു സഭകളുടെ മുത്തശ്ശിയാണ് ഇന്ത്യാ ദൈവസഭ***

**കെ. ഏബ്രഹാം**

*വേദാഭിമാനി*: മുത്തശ്ശി ആരാണെന്നു മനസിലായി. മുത്തച്ഛനാരാണാവോ? മുത്തശ്ശി പെറ്റുകൂട്ടിയ മക്കളാണ് ഇന്നുകാണുന്ന സഭകളെങ്കിൽ ആ തള്ളയെ സമ്മതിക്കണം. ഇങ്ങനെ കിഴവിക്കഥ പറയാൻ മാത്രം ഇദ്ദേഹം പുരാണമാണോ വായിക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാമായിരുന്നു.

വിലയേറിയ ദാസന്മാരുടെ വിലയില്ലാത്ത വാക്കുകൾ ആത്മീയതയുടെ പൊള്ളത്തരങ്ങൾ വ്യക്തമാക്കുന്നു. ബാഹ്യവും സംഘടനാപരവുമായ വശങ്ങളെക്കുറിച്ച് മാത്രം ചിന്തിക്കുന്ന രീതിയ്ക്ക് എക്ലിസിയാസ്റ്റിസിസം എന്നു പറയും. മാൽകം മഗറിഡ്ജ് ചർച്ചിയാനിറ്റി എന്നു പറയുന്നതും ഇതുതന്നെയാണ്. ദൈവത്തിൽനിന്നും ദൈവസഭയിൽ നിന്നും ഇവർ വളരെ അകലെയായിരിക്കും. ഭൗതീകമായി നോക്കിയാൽ സജീവം. ആത്മീയമായി നോക്കിയാൽ നിർജ്ജീവം. ഒരുതരം ഹെഡനിസ്റ്റ് ദർശനം പ്രാപിച്ചവരാണിവർ. ഈ ലോകത്തിന്റെ ചക്രവാള പരിമിതികളിൽ ദർശനം തളച്ചിട്ടിരിക്കുന്നു.

ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്താൻ ത്രാണിയുള്ള മാധ്യമമാണ് ഈ ലോകം. വെളിപ്പെടുത്തേണ്ടവർ ദൈവമക്കളും. അവരിലൂടെ വെളിപ്പെടുന്നതാകട്ടെ ബലഹീനതയും ജീർണ്ണതയും. അതുകൊണ്ടാണ് കണ്ടുനിൽക്കുന്നവർക്ക് മായ, മായ എന്നു വിലപിക്കേണ്ടിവരുന്നത്.

യാഥാർത്ഥ്യബോധത്തോടെ ചിന്തിക്കുക, യാഥാർത്ഥ്യബോധത്തോടെ പ്രവർത്തിക്കുക. യാഥാർത്ഥ്യബോധത്തോടെ സംസാരിക്കുക. ഇവിടെ ആരും വലിയവരല്ല. വെറും പൊടിയും ദാസന്മാരും മാത്രം. ദൈവം വലിയവൻ. അവിടുന്ന് നമുക്ക് അതിർവരമ്പുകൾ നിശ്ചയിച്ചിട്ടുണ്ട്. എല്ലാറ്റിനും അതിരുകൾ നിശ്ചയിക്കണം. സ്വയം നിയന്ത്രണം ഏർപ്പെടുത്തണം. ഇല്ലെങ്കിൽ ഏദനിൽ സംഭവിച്ചതുപോലെ ലംഘനങ്ങൾ ആവർത്തിക്കപ്പെടും.

വായനക്കാരും കേൾവിക്കാരും നമ്മെ വായിക്കുന്നുണ്ടെന്ന് മറക്കരുത്. ആർക്കും നമ്മെ വേദനിപ്പിക്കാം. പക്ഷെ അതിന് അനുവദിക്കാതിരിക്കുന്നിടത്താണ് അല്ലെങ്കിൽ അതിന് സാഹചര്യങ്ങൾ സൃഷ്ടിക്കാതിരിക്കുന്നിടത്താണ് നമ്മുടെ ഉൾക്കരുത്ത്. ദൈവത്തിൽനിന്ന് ജനിച്ച ഏവനും ലോകത്തെ കീഴടക്കുന്നു. ലോകത്തിന്മേലുള്ള വിജയം ഇതാണ്-നമ്മുടെ വിശ്വാസം. ലോകത്തെ ജയിക്കാൻ തക്കവണ്ണം കരുത്തുറ്റതാണ് നമ്മുടെ വിശ്വാസം. എന്നാൽ ചെറിയ നേട്ടങ്ങൾക്കുവേണ്ടി ദൈവത്തേയും വിലയേറിയ വിശ്വാസത്തേയും നഷ്ടപ്പെടുത്തിയ അനുഭവങ്ങളാണോ നമുക്കധികം? എന്ന് പരിശോധിക്കുക. തിരുത്താം തിരിച്ചുവരാം.

*ഞങ്ങൾ ഇവിടെ പറഞ്ഞ കാര്യങ്ങളെക്കുറിച്ചുള്ള വായനക്കാരുടെ കാഴ്ചപ്പാട് എന്താണെന്നറിയാൻ താൽപര്യമുണ്ട്. അഭിപ്രായം എന്തുതന്നെയായാലും തുറന്നുപറയാം. അവിടെയും ഇവിടെയും പ്രതികരിക്കാതെ നേരിട്ട് ഞങ്ങളുമായി ബന്ധപ്പെടുക. വചനാടിസ്ഥാനത്തിൽ വ്യക്തമായ മറുപടി വേദാഭിമാനി നിങ്ങൾക്കു നൽകും.*

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# യാത്ര മുടങ്ങിയവർ

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും സൗജന്യമായി ലഭ്യമാകുന്ന ദൈവത്തിന്റെ ദാനമത്രെ രക്ഷ. "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" (അ.പ്ര. 16:31) എന്നാൽ രക്ഷിക്കപ്പെടുന്നതിനാൽ മാത്രം ക്രിസ്തീയ ജീവിതം അതിന്റെ പൂർണ്ണതയിൽ ആയി എന്നു കരുതുന്ന അനേകരെ ഇന്നുകാണാം. ചോരത്തളി ആചരിച്ച്, സംഹാരകനിൽ നിന്നും വിടുതൽ പ്രാപിച്ച യിസ്രായേൽ ജനം മിസ്രയീമിൽ നിന്നും കനാൻ നാട്ടിലേക്ക് പുറപ്പെട്ടതുപോലെ സ്വർഗ്ഗസീയോനിലേക്കുള്ള തന്റെ മരുഭൂമി യാത്രയുടെ പ്രാരംഭ ചുവടുവയ്ക്കൽ മാത്രമാണ് ഒരുവൻ രക്ഷാനിർണ്ണയം പ്രാപിച്ച് ദൈവപൈതൽ ആകുമ്പോൾ സംഭവിക്കുന്നത്.

യിസ്രായേൽ ജനം വലിയ സന്തോഷത്തോടെ ഇറങ്ങിപ്പുറപ്പെട്ടു. പുറപ്പെടുന്ന സമയത്ത് അവരുടെ മുമ്പിലുള്ള യാത്രയുടെ ദൈർഘ്യമോ അതിന്റെ കാഠിന്യമോ അവർക്ക് വിഷയമായിരുന്നില്ല. തങ്ങളെ അതുവരേയും പീഡിപ്പിച്ചിരുന്ന ഫറവോന്റെ അടിമ വീട്ടിൽ നിന്നും തങ്ങൾ വിടുതൽ പ്രാപിച്ചല്ലോ എന്നുള്ള അത്യന്തമായ ആനന്ദം അവരെ ഭരിച്ചിരുന്നു. എന്നാൽ അധികം താമസിയാതെ തങ്ങളുടെ യാത്രയെ മുടക്കുമാറ്, ചെങ്കടൽ തങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. പിമ്പിൽ സർവ്വ സന്നാഹത്തോടും കൂടി ശത്രുവായ ഫറവോൻ അതിവേഗം തങ്ങളോടടുക്കുന്നു. എന്നാൽ ഒരുമനപ്പെട്ട് ദൈത്തോട് അപേക്ഷിക്കേണ്ട ജനം മോശെയ്ക്കും അഹരോനും വിരോധമായി പിറുപിറുക്കുന്നു. മിസ്രയിമിൽ നിന്നും അടയാളങ്ങളാലും അത്ഭുതങ്ങളാലും തങ്ങളെ വിടുവിച്ച് പുറപ്പെടുവിച്ച വലിയവനായ ദൈവത്തെ അവർ അതിവേഗം മറന്നുകളയുന്നു. ക്രിസ്തീയ ജീവിതത്തിലും പലർക്കും സാധാരണ സംഭവിക്കാറുള്ള ഒരു അവസ്ഥയാണിത്. ദൈവത്തിൽ നിന്നും അനുഗ്രഹങ്ങൾ ധാരാളമായി അനുഭവിച്ചവർ എങ്കിലും പ്രശ്നങ്ങളുടെ മുമ്പിൽ ദൈവത്തോടടുക്കേണ്ടതിന് പകരം ദൈവത്തെ ദുഷിക്കുകയും ദൈവത്തിനെതിരായി പിറുപിറുക്കുകയും നിരാശപ്പെടുകയും ചെയ്യുന്നു. എന്നാൽ ദൈവം ചെങ്കടലിന്റെ കരയിൽ കൊണ്ടുവന്നത് ചെങ്കടലിനെ രണ്ടായി വിഭജിക്കുന്നവനായ ദൈവത്തിന്റെ ശക്തിയുടെ പ്രഭാവം ഒന്നു കാണിക്കുന്നതിനുവേണ്ടി ആണ് എന്നു നീ ഓർക്കണം. മാത്രമല്ല, ഏതു ചെങ്കടലിനെ വിഭാഗിച്ച് നിന്നെ ദൈവം വിടുവിച്ചുവോ അതേ ചെങ്കടിനെ ഉപയോഗിച്ച് നിന്നെ പിൻതുടരുന്ന ശത്രുവിനെ അവൻ നശിപ്പിക്കുകയും ചെയ്യും. തന്റെ ജനമായ യിസ്രായേലിനുവേണ്ടി ചെങ്കടൽ വിഭജിക്കപ്പെട്ടപ്പോൾ ഫറവോൻ വിചാരിച്ചു, അതു തനിക്കുവേണ്ടിയും വിഭജിക്കപ്പെട്ടുതന്നെ നിൽക്കും എന്ന്, അതേ , ഏതു സാഹചര്യത്തെ തന്റെ ജനത്തിന് അനുകൂലമാക്കിതീർത്തുവോ, അതേ സാഹചര്യത്തെ അവരുടെ ശത്രുവിന്റെ ന്യായവിധിക്കായി ദൈവം ഒരുക്കി.

ഇപ്രകാരം ചെങ്കടൽ കടന്ന ജനത്തിന്റെ അടുത്ത പ്രതികരണം ദൈവത്തെ സ്തുതിച്ചു പാടുകയെന്നുള്ളതാണ്. മോശയുടെ സഹോദരിയായ മിര്യാം മറ്റു സ്ത്രീകളോടൊപ്പം തപ്പോടും നൃത്തത്തോടും ദൈവത്തെ പാടി സ്തുതിക്കുന്നതായി നാം കാണുന്നു (പുറ. 15). വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ ഒരു പ്രത്യേകതയാണിത് - പരപ്രേരണ ഒന്നും കൂടാതെ തന്നെ ദൈവത്തെ മഹത്വപ്പെടുത്തുക എന്നത്. കാരണം പിൻതുടർന്നിരുന്ന പാപത്തേയും കുറ്റബോധത്തേയും കടലിന്റെ ആഴത്തിലിട്ടുകളഞ്ഞ്, പാപത്തിന്റെ അടിമത്വത്തിൽ നിന്നും പൂർണ്ണമായ സ്വാതന്ത്ര്യം തന്ന് ദൈവത്തിന്റെ മക്കളും ദൈവീകാനുഗ്രഹങ്ങൾക്ക് അവകാശികളും ആക്കി തങ്ങളെ തീർത്തു എന്നതു തന്നെ. പാപത്തിന്റെ ശമ്പളം നിത്യമരണമായിരിക്കുമ്പോൾ, പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ച ദൈവപൈതലിന് നിത്യജീവൻ ലഭിക്കുന്നു എന്നത് എത്രയോ ശ്രേഷ്ഠമായ അവസ്ഥയാണ്.

ചെങ്കടൽ കടന്ന ജനത്തിന്റെ ഇനിയുമുള്ള യാത്ര മരുഭൂമിയിൽ കൂടെയാണ്. ഇന്ന് അവരുടെ നാവിൽ വീണ്ടെടുപ്പിന്റെ ഗാനങ്ങൾ ഉണ്ട്. തങ്ങളുടെ ശത്രുവിനെ ചെങ്കടലിൽ താഴ്ത്തിക്കളഞ്ഞവനായ ദൈവത്തെ അവർ സ്തുതിക്കുകയാണ്. അധികം താമസിയാതെ ദൈവം തന്റെ ജനത്തിന് പ്രമാണങ്ങൾ കൊടുക്കുന്നതായി നാം കാണുന്നു. ക്രിസ്തീയ ജീവിതത്തിനും ആവശ്യമായ പ്രമാണം ദൈവം തന്നെയാണ് നൽകിയിരിക്കുന്നത്. തന്റെ വചനത്തിൽ ക്രിസ്തീയ ജീവിതയാത്രയ്ക്കു ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. അത് നാം അനുസരിക്കണമെന്ന് ദൈവം ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ പലർക്കും വചനപ്രകാരമുള്ള ജീവിതം വലിയവിലയുള്ളതല്ലെന്ന് തോന്നുന്നു. വിശുദ്ധ ജീവിതത്തിന്റെ ഉപദേശം അനേകർക്കു അരോചകം ആണ്. എന്നാൽ ദൈവപൈതലേ, നിന്റെ യാത്രയ്ക്ക് നിന്നെ സഹായിക്കുന്നത് ദൈവവചനം മാത്രമാണ്. അതല്ലാതെ മറ്റെല്ലാം നിന്റെ യാത്രമുടക്കും. വഴി തെറ്റിക്കും. നിന്നെ കനാൻനാടു കാണിക്കുകയില്ല.



മരുഭൂമിയിൽ അതികഠിനമായ ചൂടുണ്ട്. കൂരിരുട്ടുണ്ട്. വന്യമൃഗങ്ങൾ ഉണ്ട്. അതിഘോരന്മാരായ ശത്രുക്കളുണ്ട്. എന്നാൽ, നിന്നെ ചുറ്റി പരിപാലിക്കുന്ന സ്വർഗ്ഗീയമേഘത്തിന്റെ കീഴിൽ ആയിരിക്കുന്നിടത്തോളം കാലം നീ നിർഭയനായിരിക്കും. അഗ്നിസ്തംഭം കൂരിരുട്ടിനെ പ്രകാശമാനമാക്കിത്തീർക്കും, യിസ്രയേല്യ പാളയത്തിൽ എപ്പോഴും സുരക്ഷിതത്വം ഉണ്ട്. കാരണം, അത്യുന്നതനായ ദൈവം അവരുടെ സഹായകനാണ്. എന്നാൽ പാളയം വിട്ട് പുറത്ത് പോയാൽ മരണം നിന്നെ പിടിക്കും. കൂരിരുട്ടിന്റെ മദ്ധ്യത്തിൽ വന്ന ദാവീദ് നിർഭയനായിരുന്നു. അവൻ പാടുന്നു "നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ" (സങ്കീ. 23:4). ഈ ഒരു ഉറപ്പ് വിശ്വാസിയെ എപ്പോഴും ഭരിക്കേണ്ടതാണ്. ഏതു പ്രതികൂല സാഹചര്യത്തിലും ഈ ഉറപ്പുള്ള ഒരുവൻ ചഞ്ചലപ്പെട്ടു പോകയില്ല.

മിസ്രയീമിൽ നിന്നും അതീവ സന്തോഷത്തോടെ ജനം പുറപ്പെട്ടതാണ്. എന്നാൽ വാഗ്ദത്ത കനാനിൽ മിക്കപേരും എത്തിയില്ല. പ്രമാണപ്രകാരം ജീവിതം കാത്തുസൂക്ഷിച്ച ചിലർ, ദൈവഭയവും ജീവിതവിശുദ്ധിയും ഉണ്ടായിരുന്ന ചിലർ മാത്രം അവിടെ എത്തി. മറ്റുള്ളവർ എല്ലാവരും മരുഭൂമിയിൽ പട്ടുപോയി. എല്ലാവരും ചെങ്കടൽ കടന്നതാണ്. എല്ലാവരും മന്നാ ഭക്ഷിച്ചതാണ്. എല്ലാവരും പാറയിലെ ജലം കുടിച്ചതാണ്. ദൈവത്തിന്റെ വീര്യപ്രവർത്തികൾ കണ്ടതാണ്. എന്നാൽ അവരിൽ നടന്ന വീര്യപ്രവർത്തികൾ ഒന്നും അവരിൽ വിശ്വാസമായി പരിണമിച്ചില്ല എന്നു നാം കാണുന്നു (എബ്രാ. 4:12).

പ്രിയ സഹോദരങ്ങളെ! പാപത്തിന്റെ ദാസ്യത്തിൽ ഇന്നും നീ ആയിരിക്കുന്നു എങ്കിൽ രക്ഷകനായ ക്രിസ്തുവിങ്കലേക്ക് അടുത്തുവരിക, ദൈവശബ്ദം കേട്ട് ഇറങ്ങിത്തിരിച്ചവർ എങ്കിലും യാത്ര മുടങ്ങി കിടക്കുന്നുവെങ്കിൽ ഇന്നു നീ വീണ്ടും ദൈവവചനപ്രകാരം ജീവിതത്തെ ക്രമീകരിച്ച്, ദൈവത്തിങ്കലേക്ക് മടങ്ങിവരിക, കർത്താവിന്റെ വരവ് ഏറ്റവും ആസന്നമായിരിക്കുന്ന ഈ നാളുകളിൽ ഏറ്റവും ഭയത്തോടും ഭക്തിയോടും കൂടെ മുമ്പിലുള്ള അൽപകാലം കഴിക്കാം. കർത്താവതിനു സഹായിക്കട്ടെ.




ശിഷ്യത്വത്തിന്റെ ശിക്ഷണത്തിലുൾപ്പെട്ടതാണ് പ്രാർത്ഥനാജീവിതം. ദൈവാശ്രയം പ്രാർത്ഥനയിലത്രെ സ്പഷ്ടമാകുന്നത്. പ്രാർത്ഥനയുടെ ഫലം ദൈവവുമായുള്ള ഐക്യമാണ്. ദൈവത്തോടുകൂടി നിൽക്കുന്നവൻ ശത്രുവിൽ നിന്നും അകന്നവനാണ്. പ്രാർത്ഥന വൈകാരിക തിന്മകളിൽ നിന്നും നമ്മെ കാത്തുസൂക്ഷിക്കുന്നു. ഉപദ്രവങ്ങളെ മറക്കാൻ സഹായിക്കുന്നു. അസൂയയെ കീഴടക്കുന്നു. അനീതിയെ തോൽപ്പിക്കുന്നു. പാപത്തിനു പരിഹാരം ചെയ്യുന്നു. പ്രാർത്ഥനവഴി ശാരീരിക സൗഖ്യം, സന്തോഷപ്രദമായ ഭവനം, സുശക്തവും ക്രമീകൃതവുമായ സമൂഹം എന്നിവ നമുക്കു ലഭിക്കും. പ്രാർത്ഥന ശത്രുക്കളെ രഞ്ജിപ്പിക്കുകയും മിത്രങ്ങളെ കാത്തുകൊള്ളുകയും ചെയ്യും. പ്രാർത്ഥന സന്തോഷചിത്തരുടെ ആഹ്ലാദവും പീഡിതരുടെ സമാശ്വാസവുമാണ്. ദൈവത്തോടുള്ള ഗാഢമായ ബന്ധവും അദൃശ്യമായതിനെപ്പറ്റിയുള്ള ധ്യാനവുമത്രെ പ്രാർത്ഥന. നമ്മുടെ ആന്തരീക ദാഹത്തെ അതു ശമിപ്പിക്കുന്നു. തിന്മ നശിപ്പിക്കപ്പെടുന്നു. നന്മ അഭിവൃദ്ധിപ്പെടുന്നു. പാപികൾ മാനസാന്തരപ്പെടുന്നു. പ്രാർത്ഥനയിൽക്കൂടി അവിടുന്ന് നമ്മെ ദൈവസന്നിധിയിലേക്കാനയിക്കുന്നു. ചില വാക്കുകളുടെ വെറും ഉച്ചാരണമല്ല അവിടുന്ന് ഉദ്ദേശിക്കുന്നത്. മറിച്ച് മഹത്തായ ഒരു ജീവിത രീതി മുഖേന ദൈവസന്നിധിയിലേക്കുള്ള ആരോഹണമാണത്.




"ഞങ്ങളെത്തന്നെ അല്ല ക്രിസ്തുയേശുവിനെ കർത്താവ് എന്നും ഞങ്ങളെയോ യേശുനിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്" (2 കൊരി. 4:5).


ഒരു വലിയ സഭയുടെ പാസ്റ്ററായി- ബൈബിൾ സ്കൂൾ പഠനം പൂർത്തിയാക്കിയ ഒരു യുവാവിനെ നിയമിച്ചു. പുതിയ പാസ്റ്ററുടെ ബിരുദങ്ങളും പ്രസംഗപാടവും സംഘടനാ പാടവവും വിശ്വാസികൾക്കെല്ലാം ഇഷ്ടമായി. എന്നാൽ തന്റെ പ്രസംഗങ്ങളിൽ എന്തോ ഒരു കുറവ് നിഴലിക്കുന്നതായി അവർക്കു തോന്നി. ഒരു ഞായറാഴ്ച പാസ്റ്റർ പ്രസംഗിക്കാനെഴുന്നേറ്റപ്പോൾ പ്രസംഗപീഠത്തിനു സമീപം വച്ചിരുന്ന ഒരു കുറിപ്പ് ശ്രദ്ധയിൽപ്പെട്ടു അതിൽ ഇപ്രകാരം എഴുതിയിരുന്നു. 'പാസ്റ്റർ ഞങ്ങൾക്ക് യേശുവിനെ കാണണം' ഈ കുറിപ്പ് പാസ്റ്ററുടെ ജീവിതത്തെ സ്പർശിച്ചു. പരിശുദ്ധാത്മാവ് അവന്റെ അഹന്തയെയും കാപട്യത്തെയും അവന് ബോധ്യമാക്കി. സ്വയത്തെ ഉയർത്തുന്ന പ്രസംഗങ്ങൾ അവസാനിപ്പിക്കുവാനും യേശുക്രിസ്തുവിനെ മാത്രം മഹത്വപ്പെടുത്തുവാനും ആ നിമിഷം തീരുമാനിച്ചു.ആ ദിവസം മുതൽ അദ്ദേഹത്തിന്റെ പ്രസംഗവിഷയങ്ങൾ മാറി. പാപിയുടെ ഭയങ്കരമായ അവസ്ഥ, രക്ഷയുടെ ആവശ്യകത, സർവ്വലോകത്തിന്റെയും രക്ഷകനായ ക്രിസ്തു, നിത്യജീവനും ഭാഗ്യകരമായ പ്രത്യാശയും തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രസംഗവിഷയങ്ങളായി. ഈ സന്ദേശങ്ങൾ കേൾവിക്കാരിലും പാസ്റ്ററിലും വലിയ രൂപാന്തരം വരുത്തുവാൻ കാരണമായി. മാസങ്ങൾക്കുശേഷം, പ്രസംഗപീഠത്തിനു സമീപത്തുനിന്ന് ഒരു കുറിപ്പുകൂടി പാസ്റ്റർ കണ്ടെത്തി. അതിൽ ഇങ്ങനെ എഴുതിയിരുന്നു 'കർത്താവിനെ കണ്ടതുകൊണ്ട് ശിഷ്യന്മാർ സന്തോഷിച്ചു.'



# വേദാഭിമാനിയുടെ മറുപടി

**യേശുക്രിസ്തു വിവാഹിതനായിരുന്നോ എന്നതിനെ സംബന്ധിച്ച വിവാദം വീണ്ടും കൊഴുക്കുന്നു. ക്രിസ്തുവിന്റെ വൈവാഹിക ജീവിതത്തിലേക്കു വെളിച്ചം വീശുന്നതെന്നു കരുതുന്ന പുരാതന ഈജിപ്ഷ്യൻ ലിപിയിലുള്ള രേഖകളാണ് ചർച്ചകൾക്കു നിദാനം. റോമിൽ ചേർന്ന ഒരു കോൺഫറൻസിൽ ഹാർവാർഡ് ഡിവിനിറ്റി സ്കൂളിലെ ദൈവശാസ്ത്ര വിഭാഗം പ്രഫസറായ കാരൺ കിംഗാണ് നാലാം നൂറ്റാണ്ടിൽ എഴുതിയതെന്നു കരുതുന്ന രേഖകൾ ലോകത്തിനു മുന്നിൽ വെളിപ്പെടുത്തിയത്. പാപ്പിറസ് ഇലയിൽ എഴുതപ്പെട്ട, ചെറിയ ബിസിനസ് കാർഡിനോളം വലിപ്പമുള്ള പുരാതന രേഖയിലെ 'യേശു അവരോടു പറഞ്ഞു, എന്റെ ഭാര്യ' എന്ന വാചകമാണ് ചർച്ചയായിരിക്കുന്നത്. എന്നാൽ യേശുക്രിസ്തു വിവാഹിതനല്ലെന്ന പരമ്പരാഗത ക്രിസ്ത്യൻ വിശ്വാസത്തെ പൊളിച്ചെഴുതാൻ ഈ രേഖകൾ പര്യാപ്തമല്ലെന്നു കിംഗ് വ്യക്തമാക്കി. ഈ അവകാശവാദത്തിന് പിൻബലമേകാൻ ആവശ്യമായ ചരിത്രപരവും വിശ്വാസയോഗ്യവുമായ തെളിവുകൾ ലഭ്യമല്ലാത്തതാണു കാരണം. പുരാതന വസ്തുക്കൾ ശേഖരിക്കുന്ന അജ്ഞാതനായ വ്യക്തിയിൽ നിന്നാണ് തനിക്ക് ഈ അപൂർവകഥകൾ ലഭിച്ചതെന്ന് കിംഗ് പറഞ്ഞു. പാപ്പിറസ് ഇലയിലുള്ള ലിഖിതം പരിഭാഷപ്പെടുത്താൻ സഹായിക്കണമെന്ന ആവശ്യവുമായാണ് അജ്ഞാതൻ തന്നെ സമീപിച്ചത്. ഈജിപ്തിൽനിന്നോ സിറിയയിൽ നിന്നോ ആകാം അജ്ഞാത വ്യക്തിക്ക് ഇവ ലഭിച്ചതെന്നാണു കിംഗിന്റെ അനുമാനം.... ഈ പത്രവാർത്തയെ അടിസ്ഥാനമാക്കി വേദാഭിമാനിക്ക് പറയാനുള്ളത് എന്താണെന്ന് അറിയാൻ ആഗ്രഹമുണ്ട്. ?**

***-ഉമ്മൻ ഗീവർഗ്ഗീസ്, അമ്പലത്തിൻകാല, പുളിമുട്ടം, കോറ്റമ്പള്ളി, തിരുവനന്തപുരം***



നിലവിലുള്ള വിവാദം ദൈവനിഷേധികളുടെ സംഭാവനയാണെന്നതിൽ സംശയമില്ല. ഒന്നാം നൂറ്റാണ്ടിൽ പലസ്തീനിൽ പ്രചാരത്തിലിരുന്ന ഒരു പേരാണ് യേശു. ഈ പേരുള്ള 18 പേരെ ജൊസിഫസിന്റെ രേഖകളിൽ കാണുന്നു. മറ്റുള്ളവരിൽ നിന്ന് വേർതിരിച്ച് വേദപുസ്തകം വെളിപ്പെടുത്തുന്ന രീതിയിൽ നസ്രായനായ യേശു എന്നോ ദാവീദുപുത്രനായ യേശുവെന്നോ വിവാദ രേഖയിൽ കാണുന്നില്ല. അതുകൊണ്ടുതന്നെ ഇത് വേദപുസ്തകം വെളിപ്പെടുത്തുന്ന യേശുവല്ല എന്നത് എത്രയും വ്യക്തം. യേശുവിന്റെ പ്രസ്താവനകളെ വാച്യാർത്ഥത്തിൽ വിശദീകരിക്കുവാൻ സാധിക്കുകയില്ല. പലതും ആത്മീയ തലത്തിൽ വ്യാഖ്യാനിക്കേണ്ടവയാണ്. മണവാളൻ, മണവാട്ടി, കന്യക, ഭാര്യ, പുത്രൻ തുടങ്ങിയ ബിംബകൽപ്പനകൾ വേദപുസ്തകത്തിൽ കാണുവാൻ കഴിയും. ഇതൊന്നും അക്ഷരീകമായി വ്യാഖ്യാനിക്കേണ്ടവയല്ല. ക്രിസ്തുവിനേയും സഭയേയും സൂചിപ്പിക്കുവാൻ ധാരാളം സംജ്ഞകൾ പുതിയനിയമത്തിൽ പ്രയോഗിച്ചിട്ടുണ്ട്. മണവാളനും മണവാട്ടിയും-ദൈവവും യിസ്രായേലും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന രൂപകമായി വേദപുസ്തകത്തിൽ കാണുവാൻ കഴിയും. പഴയനിയമത്തിൽ യഹോവയായ ദൈവത്തിന് യിസ്രായേലിനോടും; പുതിയനിയമത്തിൽ യേശുക്രിസ്തുവിന് പുതിയ യിസ്രായേലായ സഭയോടുള്ള സ്നേഹത്തിന്റെ തീവ്രതയും പാവനത്വവും പങ്കാളിത്വവും വ്യക്തമാക്കുന്നതിനാണ് കുടുംബജീവിതത്തോടു ബന്ധപ്പെടുത്തിയുള്ള രൂപകങ്ങൾ ഉപയോഗിച്ചിരിക്കുന്നത് (യിരെ. 2:2; യെശ. 62:5; 61:10, 2കൊരി. 11:2; എഫേ. 5:22-23; വെളി. 19:7-9; 21:2,9, 22:17)

---

**മത്തായിയുടെ സുവിശേഷത്തിലും ലൂക്കോസിന്റെ സുവിശേഷത്തിലും യേശു പഠിപ്പിച്ച പ്രാർത്ഥന ഒരേപോലെയല്ല. യേശു പഠിപ്പിച്ച യാഥാർത്ഥ പ്രാർത്ഥന ഇതിൽ ഏതാണ്. ദൗത്യമോ, ഉദ്ദേശമോ എന്താണ് ഇതിൽ വെളിവാക്കുന്നത്.**

***-പാസ്റ്റർ ഫിന്നി ഏബ്രഹാം, നെല്ലിമുകൾ, തുവയൂർ, മണക്കാല***

കർത്തൃപ്രാർത്ഥന വി. മത്തായിയുടെ സുവിശേഷത്തിലും (6:9-13) വി. ലൂക്കോസിന്റെ സുവിശേഷത്തിലും (11:1-14) ചില വ്യത്യാസങ്ങളോടുകൂടി കാണാൻ കഴിയും. ഈ പ്രാർത്ഥനയിലെ വാക്കുകൾ മത്തായിയും ലൂക്കൊസും വ്യത്യസ്ത ഉദ്ദേശത്തോടുകൂടിയാണ് എഴുതിയിട്ടുള്ളത്. വി. മത്തായിയിൽ കർത്തൃപ്രാർത്ഥന ഭക്തി ജീവിതത്തിനാവശ്യമായ ദാനധർമ്മങ്ങൾ, പ്രാർത്ഥന, ഉപവാസം (6:1-8) എന്നിവയുടെ പശ്ചാത്തലത്തിലാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ വി. ലൂക്കോസിൽ ഈ പ്രാർത്ഥന യുഗാന്ത്യസമൂഹത്തിനുവേണ്ടിയുള്ളതാണ്. അല്ലാതെ ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ളതല്ല. വ്യക്തിക്കുവേണ്ടിയല്ല സമൂഹത്തിനുവേണ്ടിയാണ്. പ്രഥമവും ഏറ്റവും പ്രധാനവും എന്നാൽ ഏറ്റവും ലളിതവുമായത് വി. മത്തായിയിലേതാണ്. ഇതിൽ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നു പൂർണ്ണമായി അഭിസംബോധന ചെയ്തിരിക്കുന്നു. തുടർന്ന് ആറ് അല്ലെങ്കിൽ ഏഴ് അപേക്ഷകൾ നൽകിയിരിക്കുന്നു. ചില പുരാതന കയ്യെഴുത്തു പ്രതികളിൽ 'ആമേൻ' പ്രാർത്ഥനയുടെ സമാപനവാക്കായി കാണുന്നില്ല. വി. ലൂക്കോസിൽ 'പിതാവേ എന്നും ചുരുക്കി പറഞ്ഞിരിക്കുന്നു. മൂന്നാമത്തേയും ഏഴാമത്തേയും അപേക്ഷകൾ മത്തായിയിലുള്ളത് പൂർണ്ണമായി വിട്ടുകളഞ്ഞിരിക്കുന്നു. ഇതിൽ സ്തോത്രവാചകം (Doxology) ഇല്ല. നാലും അഞ്ചും അപേക്ഷകൾക്ക് ചില പ്രത്യേകതകൾ കാണാം. യേശു ആദ്യം പഠിപ്പിച്ച പ്രാർത്ഥന ഇതിൽ ഏതാണെന്നു പണ്ഡിത ലോകത്ത് ഒരു ചർച്ചാവിഷയമാണ്. വിശുദ്ധ ലൂക്കോസാണ് യേശു പഠിപ്പിച്ച പ്രാർത്ഥനയുടെ ആദ്യരൂപം നൽകിയിരിക്കുന്നത് എന്നാണ് പണ്ഡിതമതം. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നതു സാധാരണ യഹൂദറബ്ബികളുടെ പ്രാർത്ഥനകളിലെ സംബോധനകൾക്കു തുല്യമാണ്. 'അബ്ബാ' അഥവാ 'പിതാവേ' എന്ന് ഉറ്റബന്ധം സൂചിപ്പിക്കുന്ന സംബോധനാരൂപമായിരുന്നു യേശുവിന്റേത് എന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. യേശു പഠിപ്പിച്ച പ്രാർത്ഥന ലൂക്കോസിന്റേതുപോലെ ഹ്രസ്വമായിരുന്നു എന്നും അത് സഭയുടെ ആരാധനാക്രമത്തിന്റെ ഭാഗമാക്കി രൂപപ്പെടുത്തിയപ്പോൾ മത്തായിയിലേതുപോലെ ദീർഘമാക്കപ്പെട്ടുവെന്നും വിചാരിക്കപ്പെടുന്നു. എന്നാൽ മത്തായിയിലെ ചില പദപ്രയോഗങ്ങൾക്ക് അരാമ്യഭാഷാ രീതിയോട് കൂടുതൽ സാമീപ്യമുള്ളതുകൊണ്ട് അവ ലൂക്കോസിന്റേതിനെ അപേക്ഷിച്ച് ആദിരൂപമായിരിക്കാമെന്നും അനുമാനിക്കപ്പെടുന്നു. ഉദാഹരണമായി 'ദിനംപ്രതി തരണമേ' എന്നതിനേക്കാൾ 'ഇന്നു തരണമേ' എന്ന മത്തായിയിലെ പാഠം ആയിരിക്കണം യേശു പഠിപ്പിച്ച പ്രാർത്ഥനയിലുണ്ടായിരുന്നത്. അതുപോലെ മത്തായി ഉപയോഗിക്കുന്ന 'കടങ്ങൾ' എന്ന പദം 'പാപങ്ങൾ' എന്നതിനെക്കാൾ മൂലരൂപമായിരിക്കണം.




വി. ലൂക്കോസിന്റെ സുവിശേഷത്തിൽ കർത്തൃപ്രാർത്ഥന ഉണ്ടായതിന്റെ പശ്ചാത്തലത്തെപ്പറ്റി പറയുന്നുണ്ട് (ലൂക്കൊ. 11:1,2). ഇതിന്റെ ചരിത്രപരമായ പശ്ചാത്തലമായി യോഹന്നാൻ സ്നാപകനെക്കുറിച്ചുള്ള പരാമർശം കാണുന്നു!' കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ.' എന്ന അപേക്ഷ 'നിന്റെ ഉപദേശങ്ങളുടെയെല്ലാം സമാഹാരം ഞങ്ങൾക്കു നൽകണമെ' എന്ന് ചോദിക്കുന്നതിനോട് തുല്യമായി വിചാരിക്കാം. കർത്തൃപ്രാർത്ഥന സുവിശേഷത്തിന്റെ സമഗ്രമായ ചുരുക്കെഴുത്താണെന്നു തെർത്തുല്യൻ പറയുന്നുണ്ട്. കർത്താവിന്റെ കാലത്തുണ്ടായിരുന്ന എല്ലാ മതവിഭാഗങ്ങൾക്കും അവരവരുടേതായ പ്രാർത്ഥനാരീതി ഉണ്ടായിരുന്നു. ആ പ്രാർത്ഥന വിശ്വാസപ്രമാണത്തിന്റെ ഒരു ചുമതല നിർവ്വഹിച്ചിരുന്നതിനാൽ ആ സമൂഹത്തിൽ ഐക്യവും താദാത്മ്യതയും നിലനിർത്താൻ കഴിഞ്ഞിരുന്നു. ഇവിടെ യുഗാന്ത്യസമൂഹമായ ഈ ചെറിയ സമൂഹത്തിന് കർത്താവ് പ്രാർത്ഥന നൽകുന്നു. ഈ പ്രാർത്ഥന കർത്താവിന്റെ ദൗത്യത്തെയും ഉദ്ദേശത്തേയും വെളിവാക്കുന്ന ഒരു സംഗ്രഹ പ്രാർത്ഥനയായി കാണാം.

---

**ഞാനൊരു കത്തോലിക്കനാണ്.... പള്ളിയുടെ അടിസ്ഥാനം പത്രോസാണെന്ന് നിങ്ങൾ വായിക്കുന്ന വേദപുസ്തകത്തിലുണ്ടല്ലോ. പിന്നെ എന്ത് ന്യായത്തിലാണ് പത്രോസിന്റെ പിൻതുടർച്ചയെ എതിർക്കുന്നത്. സഭയും പള്ളിയും എല്ലാം ഒന്നു തന്നെയല്ലേ.**

***-ജോയി വിൽസൻ, വയല, തട്ടാരുപടി, പത്തനംതിട്ട***

സഭ എന്ന ഗ്രീക്കുപദത്തിന്റെ ധാത്വർത്ഥം Belonging to the Lord എന്നുതന്നെയാണ്. സഭയ്ക്ക് ഗ്രീക്കിൽ എക്ലെയിസിയ (ekklesia) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അത് ek(ഉത്ഭവസ്ഥാനത്തെ കുറിക്കുന്ന പദം, the point whence motion or action proceeds;=from, out) കലിഹോ (Kaleo=to call) എന്ന രണ്ടുപദങ്ങൾ ചേർന്നതാണ്. i.e. an assembly of called out ones.

പുതിയനിയമത്തിൽ ഈ പദമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇസ്രയേൽ ജനത്തിനു രാജവാഴ്ച തുടങ്ങും മുമ്പേ ഉണ്ടായിരുന്ന ദൈവഭരണത്തെയാണ് അത് കുറിക്കുന്നത്. അതായത് ദൈവത്താൽ ഭരിക്കപ്പെടുന്ന ജനം എന്നർത്ഥം. ഈ പദം സുവിശേഷത്തിൽ രണ്ടു സ്ഥലത്തു മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. അത് മത്തായി സുവിശേഷത്തിലുമാണ് (16:18, 18:17). മറ്റു ഭാഗങ്ങളിൽ സഭയെ സൂചിപ്പിക്കുന്നതായി സ്വർഗ്ഗരാജ്യം, ദൈവരാജ്യം, രാജ്യം എന്നൊക്കെ കാണുന്നു. ആദ്യമായി മത്തായി 16:18-ൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു. അത് കർത്താവിന്റെ മൊഴിയാണ്. അതിന്മേൽ ഉറച്ചുനിന്നുകൊണ്ടു പല ദുരുപദേശങ്ങളും കെട്ടിപടുത്തിട്ടുണ്ട്.

നീ പത്രോസാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. ഈ രണ്ടു ലഘുവാചകങ്ങളുടെ ഇടയിലായി കാണുന്ന അർത്ഥവിരാമം സൂക്ഷിക്കുക. വാചകങ്ങൾ ചെറുതെങ്കിലും വളരെ അർത്ഥഗാംഭീര്യമുള്ളതാണ്. നിത്യത അറുതി ഇതിൽ നിഗൂഡനം ചെയ്യപ്പെട്ടിട്ടുണ്ട്. പത്രോസ്, പാറ, സഭ ഇവയ്ക്ക് മൂന്നിനും ഗ്രീക്കിൽ പ്രത്യേക പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. അതും ശ്രദ്ധേയമാണ്. 'പത്രോസ്' എന്നതിന് 'പെട്രോസ്' (a piece of rock larger than a stone),പാറ എന്നതിന് പെട്ര (petra, mass of rock), സഭയ്ക്ക് എക്ലെസിയാ എന്നുമാണ്. അങ്ങനെ വരുമ്പോൾ ആ വാക്യം നീ 'പെട്രോസ്' ആകുന്നു. ഈ 'പെട്രാ' മേൽ ഞാൻ എന്റെ 'എക്ലെയിസിയാ' പണിയും എന്നാണ് വരേണ്ടത്. പെട്രാമേൽ എന്നാകയാൽ പെട്രോസിന്മേലല്ല എന്ന സത്യം വ്യക്തമാകുന്നുണ്ടല്ലോ. പെട്രാമേൽ 'പള്ളി' പണിയും എന്നുമല്ല, 'എക്ലെയിസിയ' പണിയും എന്നാണ്. വേറെ വിധത്തിൽ പറഞ്ഞാൽ You are Petros, a piece of rock, the rock nature and you shall be built upon petra the essential Rock, the Rock Foundation. മത്തായി 7:24,25, 16:18, 27:60; മർക്കൊസ് 15:46; ലൂക്കൊസ് 6:48, 8:6,13; റോമർ 9:33, 1 കൊരി. 10:4; 1 പത്രോസ് 2:7 ഈ ഭാഗങ്ങളിലെല്ലാം മൂലഭാഷയിൽ പെട്രാ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അത് ക്രിസ്തുവിനെ കുറിക്കുന്നതുമാണ്. പത്രോസ് തന്റെ ലേഖനത്തിൽ ഇത് വ്യക്തമാക്കിയിരിക്കുന്നതിനാലും (1 പത്രൊ. 2:4,5 നോക്കുക) സഭ പത്രോസിന്മേലല്ല പണിയപ്പെടേണ്ടതും പണിയപ്പെട്ടതും എന്നുള്ളതിൽ തർക്കത്തിനു ലേശവും അവകാശമില്ലാത്തതാകുന്നു. യാതൊരു കർമ്മാചാരങ്ങൾക്കോ ചടങ്ങുകൾക്കോ നമ്മെ ആ സഭയോടു ചേർക്കുവാൻ സാദ്ധ്യമല്ല. ഇതിന്റെ ആരംഭം കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം നടന്ന പെന്തക്കോസ്തു ഉത്സവദിനത്തിൽ ആണല്ലോ. സഭ വിശ്വസിച്ചവരുടെ കൂട്ടമാണ് (അ.പ്ര. 2:44, 4:32). സ്നാനപ്പെട്ടവരുടെ സംഘമാണ് (അ.പ്ര. 2:41,42). ഇതിൽ യഹൂദൻ എന്നോ ജാതി എന്നോ വ്യത്യാസമില്ല. എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ (എഫെ. 4:3-6).

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2012
NOVEMBER

# രാജാവും നേതാവും



ഇംഗ്ലണ്ടിന്റെ ചരിത്രത്തിലെ ഏറ്റവും പ്രഗത്ഭനായ ഭരണാധികാരിയായി കരുതപ്പെടുന്ന രാജാവാണ് 'മഹാനായ' കന്യൂട്ട്. കന്യൂട്ട് രാജാവ് ഒരേസമയം ഇംഗ്ലണ്ടിന്റെയും ഡെന്മാർക്കിന്റെയും നോർവെയുടെയും സ്വീഡന്റെ ചില ഭാഗങ്ങളുടെയും അധിപനായിരുന്നു.

കന്യൂട്ട് രാജാവിനെ സംബന്ധിച്ചു വളരെ കൗതുകകരമായ ഒരു കഥയുണ്ട്. അധികാരത്തിൽ ഇരിക്കുന്നവരുടെ കാര്യത്തിൽ സാധാരണ സംഭവിക്കുന്നതുപോലെ കന്യൂട്ട് രാജാവിന്റെ കൊട്ടാരത്തിലും സ്തുതിപാഠകർ ധാരാളമുണ്ടായിരുന്നു. അവർ അവസരം കിട്ടുമ്പോഴൊക്കെ രാജാവിനെ പുകഴ്ത്തുന്നതിൽ മത്സരിച്ചു.

"ഓ, മഹാരാജാവേ, അങ്ങാണു ലോകത്തിലെ ഏറ്റവും സമർത്ഥനായ ഭരണാധികാരി" എന്ന് ഒരാൾ പറയുമ്പോൾ മറ്റൊരാൾ പറയും: "തിരുമേനി, അങ്ങയെപ്പോലെ ശക്തനായ ഒരു രാജാവ് ഈ ഭൂലോകത്തിലില്ല." അപ്പോൾ മറ്റൊരാൾ പറയും: "അങ്ങാണ് രാജാക്കന്മാരുടെ രാജാവ്. ആരും അങ്ങയെ ധിക്കരിക്കുവാൻ ധൈര്യം കാണിക്കുകയില്ല."



നല്ല അറിവും വിവേകവുമുണ്ടായിരുന്നയാളായിരുന്നു കന്യൂട്ട് രാജാവ്. ഒരിക്കൽ സ്തുതിപാഠകർ രാജാവിനെ വാനോളം പുകഴ്ത്തിയപ്പോൾ രാജാവ് ചോദിച്ചു: "ലോകത്തിലെ ഏറ്റവും വലിയ മഹാൻ ഞാൻ ആണെന്നാണോ നിങ്ങൾ പറയുന്നത്?" അതെ, എന്ന് അവർ എല്ലാവരും ഏകസ്വരത്തിൽ മറുപടി നൽകി. അതോടൊപ്പം അവർ പറഞ്ഞു: "അങ്ങയെപ്പോലെ മഹാനായി ആരുമില്ല. ഇനി അങ്ങയെപ്പോലെ മറ്റാരും ഉണ്ടാകാനും പോകുന്നില്ല."

അപ്പോൾ രാജാവ് വീണ്ടും ചോദിച്ചു: "എല്ലാവരും എന്നെ അനുസരിക്കുമെന്നാണോ നിങ്ങൾ പറയുന്നത്?"

"തീർച്ചയായും!" ഏകസ്വരത്തിൽ അവർ മറുപടി പറഞ്ഞു. "ലോകം മുഴുവനും അങ്ങയുടെ മുന്നിൽ തലകുനിച്ചു നിൽക്കുന്നു. അങ്ങയെ എപ്പോഴും ആദരിക്കുന്നു. ലോകം മാത്രമല്ല, പ്രപഞ്ചം മുഴുവനും അങ്ങയെ അനുസരിക്കുവാൻ കാത്തുനിൽക്കുന്നു."

"അങ്ങനെയെങ്കിൽ നമുക്ക് അതൊന്ന് പരീക്ഷിച്ചു നോക്കാം. വരൂ, എല്ലാവരും കടൽത്തീരത്തേക്കു വരൂ." രാജാവ് അതിവേഗം തന്റെ സേവകരെയും കൂട്ടി കടൽത്തീരത്തേക്കു പോയി.

അവർ അവിടെ എത്തിയപ്പോൾ രാജാവ് തന്റെ സേവകരോട് ഒരു കസേര കൊണ്ടുവരാൻ ആവശ്യപ്പെട്ടു. അവർ അതിവേഗം രാജാവിനുവേണ്ടി കസേര കൊണ്ടുവന്നു. അപ്പോൾ തിരമാലകൾ ശക്തിയായി ആഞ്ഞടിക്കുന്നുണ്ടായിരുന്നു.

തിരമാല ആഞ്ഞടിക്കുന്ന സ്ഥലത്ത് കസേര ഇട്ട് രാജാവ് ഇരുന്നു. അപ്പോൾ തിരമാലകൾ രാജാവിന്റെ പാദം വരെ എത്തി.

ഉടനെ രാജാവ് തിരമാലകളോടു കല്പിച്ചു: "തിരമാലകളെ, വേഗം പിൻവാങ്ങൂ. ലോകത്തിലെ ഏറ്റവും മഹാനും ശക്തനുമായ രാജാവാണു ഞാൻ."

രാജാവിന്റെ കല്പന തിരമാലകൾ കേട്ടതേയില്ല. അവ പൂർവാധികം ശക്തിയോടെ തീരത്തേക്ക് ആഞ്ഞടിച്ചുകൊണ്ടിരുന്നു. രാജാവ് ചുറ്റും നിന്നവരുടെ മുഖങ്ങളിലേക്കു നോക്കി. അതിനുശേഷം പറഞ്ഞു: "ഇപ്പോൾ നിങ്ങൾക്കു മനസിലായില്ലേ, എന്റെ ശക്തിയുടെ പരിധി? ഞാൻ പറഞ്ഞിട്ടു തിരമാലകൾ അനുസരിച്ചോ?"

അവർ മുഖം താഴ്ത്തി നിന്നതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല. അപ്പോൾ രാജാവ് തുടർന്നു: "പ്രപഞ്ചം മുഴുവനും അനുസരിക്കുന്ന ഒരു ശക്തി മാത്രമേയുള്ളു, ആ ശക്തി ദൈവമാണ്. അതുകൊണ്ട് ഇനി മുതൽ നിങ്ങൾ ദൈവത്തെ മാത്രം പുകഴ്ത്തി സ്തുതിച്ചാൽ മതി."

മറ്റുള്ളവരുടെ സ്തുതിയും പുകഴ്ചയും കേൾക്കുന്നത് ഇഷ്ടമില്ലാത്തവർ അധികമുണ്ടാവില്ല. അതുകൊണ്ടാണല്ലോ കാര്യസാധ്യത്തിനായി ചിലരെങ്കിലും ഈ മാർഗം സ്വീകരിക്കുന്നത്. എന്നാൽ, മറ്റുള്ളവരുടെ സ്തുതിയും പുകഴ്ചയും കേൾക്കുമ്പോൾ അതിൽ നാം മതിമറന്നുപോകരുത്. യാഥാർഥ്യബോധത്തോടെ വേണം നാം അവ ശ്രദ്ധിക്കാൻ. ദൈവമുമ്പാകെ ലോകത്തെ നിരപ്പിക്കാൻ വിളിയ്ക്കപ്പെട്ട ഏവനും സ്ഥാനമാനങ്ങളുടെ പരിധിയും പരിമിതിയും തിരിച്ചറിയണം. അധികാരമോ, ആൾബലമോ ഒന്നും കണ്ട് പുകഴേണ്ടതില്ല. അവയൊന്നും ശാശ്വതമല്ല. അവയ്ക്ക് നമ്മെ രക്ഷിക്കാനും നിലനിർത്തുവാനും കഴിയുന്നതല്ല. ലോകത്തോടനുരൂപമാകാതെ നമ്മുടെ വിളിയോട് വിശ്വസ്തത പുലർത്തി ജീവിയ്ക്കുന്നതിനാവശ്യമായ അനന്തമായ ദൈവകൃപയാണ് നമുക്കാവശ്യം. പരിമിതികൾ മനസിലാക്കി ഭയത്തോടും വിറയലോടുംകൂടി പരിധിയില്ലാതെ ദൈവത്തെ സ്തുതിയ്ക്കാം.



## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

പഠിക്കാത്തവരും പരീക്ഷയിൽ തോറ്റവരും എന്തെങ്കിലും കൂലിപ്പണിയ്ക്കു പോകുന്ന പതിവുണ്ടായിരുന്നു. ഇപ്പോൾ സർവ്വ കൂലികളും സുവിശേഷവേല, ശുശ്രൂഷ എന്നൊക്കെ പറഞ്ഞ് പുസ്തകമെടുത്ത് ഇറങ്ങുന്നു. ഇതേക്കുറിച്ച്......

*സി. വി. ജോൺ, കൈപ്പുഴ, ഇല്ലിച്ചുവട്, കോട്ടയം*

☹ **ഏതു വേലയും കൂലിയ്ക്കുവേണ്ടിയുള്ള വേലയാണല്ലോ.**

☺ ലോകത്തിൽ ദൈവമില്ലാതെ ജീവിച്ചവർ നിത്യതയിൽ എവിടെ ചെന്നെത്തും.

*അക്സാ ചെറിയാൻ, ചാപ്രക്കടവ്, മടക്കാട്, കണ്ണൂർ*

☹ **ദൈവമില്ലാത്തിടത്ത്.**

☺ നാവ് വലിയ അപകടകാരിയെന്ന് വേദപുസ്തകം. ഇതിനെ നമുക്ക് എന്തു ചെയ്യാൻ പറ്റും.

*ജാൻസി സുജിത്ത്, പള്ളുരുത്തി, എറണാകുളം*

☹ **ഭദ്രമായി അടച്ചുസൂക്ഷിക്കാനാണ് വായ് തന്നിരിക്കുന്നത്.**

☺ കുടുംബജീവിതത്തിൽ ഭാര്യഭർത്താക്കന്മാർ അന്യോന്യവും ആത്മീയ ജീവിതത്തിൽ മനുഷ്യൻ ദൈവത്തേയും അടുത്തറിയണം എന്നു പറയുന്നത് ശരിയോ, തെറ്റോ.

*സന്തോഷ് കുമാർ, ഓലത്താനി, നെയ്യാറ്റിൻകര*

☹ **മനുഷ്യൻ ദൈവത്തെ അടുത്തറിയണം, അനുഭവിച്ചറിയണം. ഭാര്യഭർത്താക്കന്മാർ എത്രമാത്രം അടുത്തറിയാതിരിക്കുന്നോ അത്രയും നല്ലത്.**

☺ നമ്മുടെ രോഗശാന്തിക്കാർ ചത്തകോഴിയെ...

*എം.വി ഡാനിയേൽ, എഴുമുട്ടം, ഞാറക്കുളം, തൊടുപുഴ.*

☹ **പൊരിക്കുന്നവരാണ്.**

☺ അല്ലറ ചില്ലറ മോഷണങ്ങളുമായി കഴിഞ്ഞ ഒരുവൻ ഇപ്പോൾ ഞങ്ങളുടെ സഭയിൽ വരുന്നുണ്ട്. അയാൾക്ക് കൺവൻഷനിൽ സാക്ഷ്യം പറയണം. അയാൾ ആരായിരുന്നു എന്നാണ് പറയേണ്ടത്.

*ജോസഫ് ഏറത്ത്, ചാരങ്ങാട്ട്, കണിച്ചുകുളങ്ങര*

☹ **മറ്റുള്ളവർ വെച്ചിരിക്കുന്ന സാധനങ്ങൾ കണ്ടുപിടിക്കുക എന്നതായിരുന്നല്ലോ പണി. അതുകൊണ്ട് ശാസ്ത്രജ്ഞൻ ആയിരുന്നു എന്ന് പറഞ്ഞാൽ മതി.**

പേജ് 2 തുടർച്ച



## ജീവിതവും ഉപദേശവും ഒത്ത തുലാസും

ഒരു തട്ട് താണു നിലം പറ്റിയിരിക്കും. ചിലരുടെ ക്രിസ്തീയ ജീവിതം വിറകു തൂക്കുന്നതു പോലെയാണ്.

ജീവിതം സൂക്ഷിക്കണമെന്നു പറഞ്ഞതുകൊണ്ട് ഉപദേശം സൂക്ഷിക്കേണ്ട എന്നർത്ഥമില്ല. അടിസ്ഥാന ഉപദേശത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും അനുവദിക്കാൻ പാടില്ല. എന്നാൽ വ്യക്തമായ രേഖയില്ലാത്ത ഉപവിഷയങ്ങളിൽ പണ്ഡിതവ്യാഖ്യാനങ്ങൾക്ക് തിരുവെഴുത്തിന് തുല്യപ്രധാന്യം നൽകേണ്ട ആവശ്യമില്ല. ഉപദേശപരമായ ഉപവിഷയങ്ങളിൽ കൊതുകിനെ അരിക്കുന്നതും ജീവിതപരമായ വലിയ വിഷയങ്ങളിൽ ഒട്ടകത്തെ വിഴുങ്ങുന്നതും ശരിയല്ല. ഉപദേശപരമായ ഉപവിഷയങ്ങളിൽ അഭിപ്രായ വ്യത്യാസമുള്ളവരെ എറിയാൻ കല്ലെടുക്കുന്നവർ ജീവിതപരമായ ഒട്ടകം വിഴുങ്ങികളെ സന്തോഷത്തോടെ സഹിക്കുന്നു.

പ്രിയരെ, ജീവിതമില്ലാത്തവന്റെയും ഉപദേശമില്ലാത്തവന്റെയും കാര്യത്തിൽ ഒത്ത തുലാസ് നമുക്കുവേണം. നമ്മുടെ ജീവിതവും ഉപദേശവും ഒത്ത തുലാസായിരിക്കണം. നല്ല ഉപദേശമില്ലാതെ നല്ല ജീവിതം സാദ്ധ്യമല്ല. നല്ല ജീവിതമാണെന്ന് ബോദ്ധ്യമുണ്ടോ, നല്ല ഉപദേശം തന്നെ. അതാണതിന്റെ മാനദണ്ഡം.




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul's Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally